

AKPCTA

# kerala private college teacher

JUNE 1988

# കേരള സർവകലാശാലാ സെനററ് തെരഞ്ഞെടുപ്പിൽ മത്സരിക്കുന്ന നമ്മുടെ സ്ഥാനാർത്ഥികൾ

1 പ്രൊഫ: പീററർ. ഇ. എസ്.
സെൻറ് മൈക്കിൾസ് കോളേജ്,
ചേർത്തല.

2 പ്രൊഫ: മഹീന്ദ്രൻ. വി.
എസ്. എൻ. കോളേജ്,
വർക്കല.

3 പ്രൊഫ: നരേന്ദ്രൻ. പി.
എൻ. എസ്. എസ്. കോളേജ്,
നിലമേൽ.

4 പ്രൊഫ: പരമേശ്വരക്കുറുപ്പ്. കെ.എൻ.
എൻ. എസ്. എസ്. കോളേജ്,
പന്തളം.

5 പ്രൊഫ: നാരായണൻകുട്ടി. വി
എസ്. ഡി. കോളേജ്,
ആലപ്പുഴ.

6 പ്രൊഫ: ബഞ്ചമിൻ തരകൻ. ററി.
സെൻറ് സ്ററീഫൻസ് കോളേജ്,
പത്തനാപുരം.

7 ഡോ. ശ്രീനിവാസൻ. എസ്.
എസ്. എൻ. കോളേജ്,
കൊല്ലം.

8 പ്രൊഫ: ഗോപിനാഥൻപിള്ള. എസ്.
എം. എസ്. എം. കോളേജ്,
കായംകുളം.

9 ജനാർദ്ദനൻ കട്ടി കർത്താ. കെ.എൻ.
എസ്. എൻ. കോളേജ്,
ചേർത്തല.

10 പ്രൊഫ: ശിവൻ. എസ്.
എസ്. എൻ. കോളേജ്,
ചെമ്പഴന്തി.

11 പ്രൊഫ: ഗോപിക്കുട്ടൻ. പി.
എഫ്. എം. എൻ. കോളേജ്,
കൊല്ലം.

12 പ്രൊഫ: മാമ്മൻ വർക്കി
ബിഷപ്പ് മൂർ കോളേജ്,
മാവേലിക്കര.

13 പ്രൊഫ: കർമചന്ദ്രൻ. സി. ജി.
ഡി. ബി. കോളേജ്,
ശാസ്താംകോട്ട.

14 ഡോ. റസലുദീൻ. എ.
ടി. കെ. എം. കോളേജ് ഓഫ്
ആർട്സ് ആൻറ് സയൻസ്,
കൊല്ലം.

15 ശ്രീ തോമസ് ജോർജ്
മാർ ഇവാനിയോസ് കോളേജ്,
തിരുവനന്തപുരം.

16 പ്രൊഫ: രവീന്ദ്രൻ നായർ. ആർ.
വി. ടി. എം. എൻ. എസ്. എസ്. കോളേജ്,
ധനുവച്ചപുരം.

---


പത്രാധിപസമിതി

ചെയർമാൻ വി. നാരായണൻകുട്ടി, ചീഫ് എഡിററർ കെ. സുകുമാരൻ നായർ,
മാനേജിംഗ് എഡിററർ കെ. പി. ദിവാകരൻ നായർ

അംഗങ്ങൾ

പി. നരേന്ദ്രൻ, എസ്. വിശ്വനാഥൻ, ടി. ഗോപാലകൃഷ്ണൻ, വി. എൻ. മുരളി,
നെല്ലിക്കൽ മുരളി, എൻ. എൻ. ആനന്ദൻ, ആർ. മോഹന കൈമ്മൾ,
ഡോ. എ. റസലുദീൻ, കവടിയാർ രാമചന്ദ്രൻ. തോമസ് ജോർജ്, ചന്ദ്രബാബു

# പ്രശ്നങ്ങൾ നിരവധി

ഒട്ടധികം പ്രശ്നങ്ങളുമായാണ് പുതിയ വിദ്യാഭ്യാസ വർഷം ആരംഭിക്കുന്നത്. കേന്ദ്രഗവൺമെൻറ് രാജ്യസഭയിൽ പാസ്സാക്കി എടുത്തിരിക്കുന്ന 'ഹോസ്പിററൽ ആൻറ് അദർ ഇൻസ്ററിററ്യൂഷൻസ് ബില്ലും' യു. ജി. സി. യുടെ ഏററവും പുതിയ ഇറക്കുമതിയായ 'അക്രഡിറേറഷൻ കൗൺസിലും' 'അസ്സസ്സ്മെൻറ് കൗൺസിലു'മൊക്കെ ഏററവും വലിയ ഭീഷണി ഉയർത്തിയിരിക്കുന്നു. (അന്യത്ര കൊടുത്തിരിക്കുന്ന ലേഖനം കാണുക) ഇന്ത്യയിലാകമാനം ഉയർന്നു വരുന്ന ശക്തമായ ചെറുത്തു നില്പു കൊണ്ടുമാത്രമേ ഈ ഭീഷണിയെ നമുക്കു നേരിടാനാകൂ.

കേരളഗവൺമെൻറിൻെറ അടിയന്തിര ശ്രദ്ധപതിയേണ്ട നിരവധി പ്രശ്നങ്ങൾ അധ്യാപകർ അഭിമുഖീകരിക്കുന്നുണ്ട്. താല്കാലിക തസ്തികകളിൽ നിയമിക്കപ്പെടുന്ന അധ്യാപകർക്ക് സ്ഥിരം വേക്കൻസികളുണ്ടാകുമ്പോൾ അതിൽ നിയമനം കിട്ടുന്നതിനുള്ള അർഹത സ്ഥാപിക്കുന്നതിനു മഹാത്മാഗാന്ധി സർവകലാശാലാ നിയമത്തിലെ 62 (2) (എ) (ബി) വകുപ്പിനു വരുത്തിയ ഭേദഗതി ഗവൺമെൻറ് ഉടൻ തന്നെ കേരള, കാലിക്കട്ട് സർവ്വകലാശാലാ നിമത്തിലെ 57(6) ന് പകരമായി ഓർഡിനൻസായി ഇറക്കേണ്ടതുണ്ട്. അതുപോലെ കേരള-കാലിക്കട്ട് ആക്ടിലെ 64–ാം വകുപ്പും മഹാത്മാഗാന്ധി സർവ്വകലാശാലയിലെ 68–ാം വകുപ്പും നിലവിൽ വന്നു കഴിഞ്ഞുവെങ്കിലും അതു സംബന്ധിച്ചുള്ള ഫസ്ററ്സ്ററാററ്യൂട്ട് ഇതുവരെയും പ്രസിദ്ധീകരിച്ചിട്ടില്ല നിയമത്തിലെ വ്യവസ്ഥകളുടെ പ്രയോജനം അധ്യാപകർക്ക് ലഭിക്കണമെങ്കിൽ ഫസ്ററ് സ്ററാററ്യൂട്ട് പ്രസിദ്ധീകരിക്കണം. അതാകട്ടെ ഗവൺമെൻറാണ് ചെയ്യേണ്ടതും. അധ്യാപകരുടെ സ്ഥലം മാററം ഇന്നും ഗുരുതരമായ പ്രശ്നം തന്നെ. ഒരു യൂണിവേഴ്സിററിയുടെ പരിധിക്കകത്തുവരുന്ന കോളേജുകളിലെ അധ്യാപകരുടെ സ്ഥലംമാററത്തിന് വ്യക്തമായ മാനദണ്ഡം ഉടനുണ്ടാകേണ്ടിയിരിക്കുന്നു. സർക്കാർ മേഖലയിൽ വ്യക്തമായ മാനദണ്ഡങ്ങളുണ്ടായപ്പോൾ ഇക്കാര്യത്തിലുള്ള പരാതികൾ ഒഴിവാക്കാൻ കഴിഞ്ഞുവല്ലോ. അതുപോലെ പ്രൈവററ് കോളേജധ്യാപകരുടെ കാര്യത്തിലും പരിഹാരം ഉണ്ടാകേണ്ടിയിരിക്കുന്നു.

മറെറാരു പ്രശ്നം കുട്ടികളുടെ എണ്ണം കുറയുന്നതിൻെറ പേരിൽ അധ്യാപകർ തെരുവാധാരമാകുന്നതാണ്. പ്രാക്ടിക്കലുള്ള സയൻസ് വിഷയങ്ങളിലും, ഹിന്ദി, മലയാളം തുടങ്ങിയ ഭാഷകളുടെ കാര്യത്തിലും ദീർഘകാലം സർവ്വീസുള്ള അധ്യാപകർക്കു പോലും ഈ ദുർഗതി ഉണ്ടാകുന്നുണ്ട്. യൂണിവേഴ്സിററി അംഗീകരിച്ച പോസ്ററുകളിൽ നിയമിതരാകുന്ന അധ്യാപകർക്ക് സുരക്ഷിതത്വം ഉറപ്പു വരുത്താനുള്ള വ്യവസ്ഥകൾക്ക് അടിയന്തിരമായി രൂപം നല്കണം.

എഫ്. ഐ. പി. യിലല്ലാതെ യു. ജി. സി. യുടെ സ്പെഷ്യൽ സ്കോളർഷിപ്പോടെ ഉപരിപഠനത്തിനു പോയ അധ്യാപകരുടെ പഠനക്കാലം സർവ്വീസായി പരിഗണിച്ചിട്ടില്ല. സർക്കാരിന് ഒററപൈസ പോലും നഷ്ടമുണ്ടാക്കുന്നതല്ല ഇത്. എന്നിട്ടും അനുകൂലമായ തീരുമാനം ഇതുവരെ ഉണ്ടായിട്ടില്ല. അതുപോലെ മെഡിക്കൽ ഗ്രൗണ്ടിൽ എടുക്കുന്ന ശമ്പളമില്ലാത്ത അവധി മറെറല്ലാ വിഭാഗം ജീവനക്കാർക്കും നോൺ കേഡർ പ്രൊമോഷനു കണക്കാക്കുന്നുണ്ട്. എന്നാൽ കോളേജധ്യാപകർക്ക് ഇതനുവദിച്ചിട്ടില്ല. തികഞ്ഞ അനീതിയാണ് ഇക്കാര്യത്തിലുള്ളത്. മറെറാന്ന് ഇതര സംസ്ഥാന സർവ്വകലാശാലകളിലോ അതിനോട് അഫിലിയേററ് ചെയ്തി

ട്ടുള്ള കോളേജുകളിലോ ഉള്ള സർവീസ് ഇവിടെ നോൺ കേഡർ പ്രൊമോഷനും പെൻഷനും കണക്കാക്കുന്നില്ല. ഈ അനീതിയും ഉടൻ തിരുത്തണം. ഇന്ത്യയ്ക്കു വെളിയിൽ അധ്യാപനത്തിനായിപ്പോയ കോളേജധ്യാപകരുടെ അവധിക്കാലം പെൻഷനബിൾ സർവ്വീസായി പരിഗണിക്കണം. കേന്ദ്രീകൃത പരിശോധനാക്യാമ്പുകളിലെ അധ്യാപകർക്കും എൺഡ്ലീവനുവദിക്കാൻ അമാന്തിച്ചു.

**വെളുക്കാൻ തേച്ചത്............**

സുദീർഘങ്ങളായ സമരങ്ങളുടെ ഫലമായാണ് കേരളത്തിലെ പ്രൈവററ് കോളേജധ്യാപകർ ഡയറക്ട്പേമെൻറ് നേടിയെടുത്തത്. സർക്കാരിൽ നിന്നും നേരിട്ട് ശമ്പളം ലഭിക്കുക എന്നുള്ളത് മാത്രമായിരുന്നില്ല ഡയറക്ട്പേമെൻറ് എന്ന മുദ്രാവാക്യം മുഴക്കിയപ്പോൾ നമ്മുടെ മനസിലുണ്ടായിരുന്നത്. നിയമാധിഷ്ഠിത സേവനഭദ്രത ഉറപ്പു വരുത്തുക എന്നതായിരുന്നു ലക്ഷ്യം. അതിൽ വിജയിക്കാൻ നമുക്കു കഴിഞ്ഞു എന്നാൽ ഡയറക്ട് പേമെൻറിനുവേണ്ടി ഏർപ്പെടുത്തിയ സംവിധാനം ഓരോ ദിവസവും കഴിയുംതോറും അദ്ധ്യാപകനെ വരിഞ്ഞുമുറുക്കാനാണ് ബ്യൂറോക്രസി ഉപയോഗിക്കുന്നത്. കൃത്യസമയത്തു ശമ്പളം ലഭിക്കുന്നില്ല എന്നതുമാത്രമല്ല, നിലവിലുള്ള നിയമങ്ങൾ ദുർവ്യാഖ്യാനം ചെയ്ത് വളരെ അധികം അധ്യാപകർക്കു ശമ്പളം നിഷേധിക്കുന്ന നടപടി പല ഡെപ്യൂട്ടി ഡയറക്ടറന്മാരുടെ ഓഫീസുകളിലും നടന്നുവരുന്നുണ്ട്. പലപ്പോഴും നിസ്സാരകാരണങ്ങളുടെ പേരിലാണ് അധ്യാപകരുടെ ശമ്പളം തടയുന്നത്. ഇക്കാര്യത്തിൽ ഓരോ ഓഫീസും തമ്മിൽ മത്സരിക്കയാണോ എന്നു തോന്നും. കുടിശികത്തുകകൾക്കായി സമർപ്പിച്ചിട്ടുള്ള ബില്ലുകൾ അഞ്ചും ആറും വർഷമായി പലമേഖലാ ഓഫീസുകളിലും കെട്ടിക്കിടപ്പാണ്. പ്രീഓഡിററിന് അയക്കേണ്ടവ അയയ്ക്കാതെ ഓരോ ചെറിയ ഉടക്കുകൾ പറഞ്ഞ് കോളേജുകളിലേയ്ക്കു ബില്ലുകൾ മടക്കുക പതിവായിരിക്കുന്നു. 1983ലെ ശമ്പള പരിഷ്കാരത്തിൻെറ ആനുകൂല്യം നാളിതുവരെയും അനുഭവിക്കാൻ അവസരം ലഭിക്കാത്ത അധ്യാപകരുമുണ്ട്. ഫിക്സേഷൻ നടത്തുന്നതിലെ കാലതാമസത്തെക്കുറിച്ചു പറയാതിരിക്കയാണു ഭേദം. ഡി.എ. വർദ്ധനവിൻെറ കുടിശികബില്ലുകളും കെട്ടുകണക്കിന് മേഖലാ ഓഫീസുകളിൽ കിടപ്പുണ്ട്. പ്രൈവററ് കോളേജധ്യാപകർക്ക് കൃത്യമായി ശമ്പളം നല്കാൻ വേണ്ടി സ്ഥാപിക്കപ്പെട്ട ഈ ഓഫീസുകൾ ഇന്ന് ശമ്പളം തടയുന്നതിലാണ് കൃത്യനിഷ്ഠകാണിക്കുന്നത്.

പി.എഫ്. ക്രഡിററ് കാർഡിനുവേണ്ടി എ.കെ.പി.സി.ടി.എ പ്രക്ഷോഭണം കൂട്ടിയപ്പോൾ നേരിയ ചലനം ആരംഗത്തുണ്ടായി. എന്നാൽ അത് തുടർന്നു നിലനിന്നില്ല. ഇന്നിപ്പോൾ വീണ്ടും പി.എഫ്. കണക്കുകളുടെ കാര്യത്തിൽ തികഞ്ഞ അവ്യവസ്ഥിതത്വം തന്നെ. റിട്ടയർ ചെയ്യാൻ പോകുന്ന അധ്യാപകരുടെ സർവ്വീസ് വെരിഫിക്കേഷനാണ് മറെറാരു നൂലാമാല. ഓരോകോളേജിലും ഉദ്യോഗസ്ഥന്മാർപോയി നടത്തുന്ന വെരിഫിക്കേഷൻ അനാവശ്യമായ കാലതാമസമാണുണ്ടാക്കുന്നത്. മറ്റു സർവീസുകളിലെപ്പോലെ സർവീസ് ബുക്ക്മാത്രം പരിശോധിക്കുന്ന സമ്പ്രദായം ഇവിടെ ഉണ്ടാകണം. അനുവദിക്കപ്പെട്ട മെഡിക്കൽ റീഇമ്പേഴ്സ്മെൻറാണ് മറെറാരു പ്രശ്നം. സ്റ്റാഫില്ലെന്ന പേരിൽ ഡെ. ഡയറക്ടറാഫീസുകളിൽ ഈ ജോലി ചെയ്യാതിരിക്കുന്ന ഇന്നത്തെ അവസ്ഥ ഉടൻ മാറേണ്ടതുണ്ട്. ഡെപ്യൂട്ടിഡയറക്ടറന്മാർക്ക് ഇരുനൂറു രൂപ വരെ മാത്രമേ ഇന്ന് അനുവദിക്കാൻ അധികാരമുള്ളൂ. അത് ആയിരം രൂപയായി ഉയർത്തണം. ലീവു സറണ്ടറിന് ശനി,ഞായർ ഒഴിവാക്കാനുള്ള ഡി.സി.ഇ യുടെ ഓർഡർ ഉടൻ പിൻവലിക്കേണ്ടതാണ്.

ഈ പ്രശ്നങ്ങളെല്ലാം ചർച്ച ചെയ്യുന്നതിനും പരിഹാരം കണ്ടെത്തുന്നതിനും അടിയന്തിരമായി കോൺഫറൻസ് വിളിക്കണമെന്ന് ഞങ്ങൾ സർക്കാരിനോട് ആവശ്യപ്പെടുന്നു. വർഷാരംഭത്തിൽത്തന്നെ അധ്യാപകരെ പ്രക്ഷോഭത്തിലേക്ക് തള്ളിവിടാതെ പ്രശ്നങ്ങൾക്ക് അടിയന്തിരമായ പരിഹാരം ഉണ്ടാക്കണം.

# എ. കെ. പി. സി. ടി. എ.
## സ്ഥാനാർത്ഥികളെ വിജയിപ്പിക്കുക

സുഹൃത്തേ,

1988 ജൂലൈ 6 ന് നടക്കുന്ന കേരള യൂണിവേഴ്സിററി സെനററ് തെരഞ്ഞെടുപ്പിൽ എ. കെ. പി. സി. ടി. എ. സ്ഥാനാർത്ഥികളെ വിജയിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

കഴിഞ്ഞ മൂന്നു ദശാബ്ദക്കാലമായി സ്വകാര്യ കോളേജധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള നിതാന്തമായ പരിശ്രമത്തിൽ ഏർപ്പെട്ടിട്ടുള്ളത് എ. കെ. പി. സി. ടി. എ. മാത്രമാണ്. കേരളത്തിലെ സ്വകാര്യ കോളേജധ്യാപകർ എ. കെ. പി. സി. ടി. എ യുടെ കൊടിക്കീഴിൽ അണിനിരന്നു നടത്തിയ സുദീർഘങ്ങളായ സമരങ്ങളിലൂടെയാണ് നിയമാധിഷ്ഠിത സേവന വ്യവസ്ഥകളും റിട്ടയർമെൻറാനുകൂല്യങ്ങളും പാരിററിയും സർക്കാരിൽ നിന്നും നേരിട്ടു ശമ്പളം ലഭിക്കുന്ന വ്യവസ്ഥയും മററ് ഏത് സംസ്ഥാനത്ത് ലഭിക്കുന്നതിനും മുൻപായി നമുക്ക് അനുവദിച്ചു കിട്ടിയത്. ഇവയെല്ലാം നമ്മുടെ സംഘടിത ശക്തിയുടെ നേട്ടങ്ങളാണ്. ഈ നേട്ടങ്ങൾ നമുക്ക് കൈവരിക്കാൻ കഴിഞ്ഞു എന്നുള്ളത് വസ്തുതയാണ്. എന്നാൽ ഇത് നമ്മിൽ അലംഭാവവും അലസതയും സൃഷ്ടിച്ചിരിക്കുന്ന വസ്തുതയും വിസ്മരിക്കാവുന്ന ദൗർബല്യമല്ല.

നേടിയെടുത്ത അവകാശങ്ങൾക്കെതിരെ വളരെയധികം വെല്ലുവിളികൾ ഉയർന്നുകൊണ്ടിരിക്കുന്നു. പുത്തൻ നേട്ടങ്ങൾക്കുവേണ്ടിയുള്ള പോരാട്ടത്തിൽ നിന്ന് ഒഴിഞ്ഞു നിൽക്കാനുള്ള പ്രവണത ചിലരെങ്കിലും പ്രകടിപ്പിക്കുന്നു. ഈ ദൗർബല്യങ്ങൾ പരിഹരിക്കാനാവശ്യമായ സുശക്തമായ പ്രവർത്തനം ഓരോ അധ്യാപകനും അധ്യാപികയും ഏറെറടുക്കേണ്ടതുണ്ട്.

"സ്വകാര്യ കോളേജധ്യാപകരുടെ മാഗ്നാകാർട്ടാ" എന്നു വിശേഷിപ്പിക്കപ്പെട്ട സർവ്വകലാശാലാ നിയമങ്ങളിലെ 8–ാം അദ്ധ്യായത്തിൽ ആണ് നിയമാധിഷ്ഠിത സേവന ഭദ്രത ഉൾക്കൊള്ളിച്ചിട്ടുള്ളത്. ഇന്ത്യയിലാദ്യമായി 1969–ലെ കേരള സർവ്വകലാശാലാ നിയമത്തിലാണ് സ്വകാര്യ കോളേജധ്യാപകർക്ക് നിയമാധിഷ്ഠിത സേവന ഭദ്രത അനുവദിച്ചത്. 1967–ൽ നാം നടത്തിയ ആദ്യത്തെ പണിമുടക്കു സമരത്തെ തുടർന്നായിരുന്നു ഈ നേട്ടം കൈവരിച്ചതും. 1969-ലെ സർവ്വകലാശാലാ നിയമത്തിന് മറെറാരു പ്രാധാന്യം കൂടിയുണ്ട്. സുപ്രസിദ്ധമായ കോത്താരി കമ്മിററി റിപ്പോർട്ടിൻെറ (മോഡൽ ആക്ട് കമ്മിററി) ശുപാർശകളുടെ

അടിസ്ഥാനത്തിൽ യൂണിവേഴ്സിററികൾക്ക് ജനാധിപത്യവൽക്കരിക്കപ്പെട്ട സ്വയം ഭരണം എന്ന തത്വം ആദ്യമായി അംഗീകരിച്ച് നിയമമാക്കിയത് കേരളത്തിലായിരുന്നു. മറെറാരു സവിശേഷത സർവ്വകലാശാലാ സെനററ് പരമാധികാര സഭയാണെന്നുള്ളതും സെനററിൽ അധ്യാപകർക്ക് ഗണ്യമായ സ്വാധീനം ഉണ്ടെന്നുള്ളതുമാണ്.

ആകെ അംഗസംഖ്യയിൽ പകുതിയോളം അധ്യാപക പ്രതിനിധികൾ ഉള്ള സെനററ് ആണ് സ്ററാററ്യൂട്ടുകൾക്കു രൂപം നൽകേണ്ടതും ഭേദഗതി ചെയ്യേണ്ടതും. നമ്മുടെ സേവന വ്യവസ്ഥകൾ, റിട്ടയർമെൻറ് ആനുകൂല്യങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട സ്ററാററ്യൂട്ടുകളും നിയമത്തിൻെറ സബോർഡിനേററ് ലെജിസ്ലേഷനാണ്. കോർപ്പറേററ് മാനേജ്മെൻറുകളുടെ അധീനതയിലുള്ള 3500 ൽ പരം അധ്യാപകരെ യാതൊരു തത്വദീക്ഷയുമില്ലാതെ സ്ഥലം മാററി ശിക്ഷിച്ചുകൊണ്ടിരിക്കുന്ന മാനേജ്മെൻറുകളുടെ അമിതാധികാരം ഒരു പരിധിവരെ പരിമിതപ്പെടുത്തുന്ന കേരളാ-കാലിക്കട്ട് സർവ്വകലാശാലാ നിയമങ്ങളിലെ 64-ാം വകുപ്പ് നമ്മുടെ പ്രവർത്തനഫലമായാണ് നിലവിൽ വന്നിരിക്കുന്നത്. ആ വകുപ്പ് നടപ്പാക്കുന്നതിനാവശ്യമായ സ്ററാററ്യൂട്ടുകൾ രൂപീകരിക്കേണ്ടതും യൂണിവേഴ്സിററി സെനററുകളാണ്. സർവ്വകലാശാലാ മേഖലക്കുള്ളിലെ സ്ഥലം മാററങ്ങൾക്ക് മാനദണ്ഡം ആവിഷ്ക്കരിക്കേണ്ടതും സർവ്വകലാശാലാ സമിതികളാണ്. അതുപോലെതന്നെ സെനററിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്ന അധ്യാപക പ്രതിനിധികളുള്ള സിൻഡിക്കേററാണ് നമ്മുടെ വർക്ക് ലോഡും സ്ററാഫ് പാറേണും ഉൾപ്പെടുന്ന ഓർഡിനൻസുകൾ തയ്യാറാക്കുന്നത്. അധ്യാപകരുടെ യോഗ്യത നിശ്ചയിക്കുന്നതുൾപ്പെടെയുള്ള റഗുലേഷനുകൾ നിർമ്മിക്കുന്നത് അധ്യാപക പ്രതിനിധികൾക്ക് ഭൂരിപക്ഷമുള്ള അക്കാദമിക് കൗൺസിലാണ്.

മുകളിൽ പ്രസ്താവിച്ച വസ്തുതകൾ ഒരു കാര്യം വ്യക്തമാക്കുന്നു. സംഘടിത പ്രസ്ഥാനത്തിൻെറ പ്രതിനിധികൾക്കു മാത്രമാണ് ഈ സമിതികളിൽ കാര്യമായി പ്രവർത്തിക്കാൻ കഴിയുക. വ്യക്തികൾക്കും വിഭാഗീയ സംഘടനകളുടെ പ്രതിനിധികൾക്കും വ്യക്തിഗത നേട്ടങ്ങൾ മാത്രമാണ് ഈ സമിതികളിലെ അംഗത്വം. അതിൽ കവിഞ്ഞ പ്രാധാന്യം അവർക്ക് ഇക്കാര്യത്തിലില്ല.

അധ്യാപക താൽപര്യം എന്ന ഏക പരിഗണനയോടെ മാത്രമാണ് എ.കെ.പി.സി. ടി. എ. സെനററ് തെരഞ്ഞെടുപ്പിൽ 16 സ്ഥാനാർത്ഥികളെ നിർത്തി മത്സരിപ്പിക്കുന്നത്. മററ് സ്ഥാനാർത്ഥികളെ സംബന്ധിച്ചിടത്തോളം സെനററ് അംഗത്വംകൊണ്ടുദ്ദേശിക്കുന്നത് മാനേജ്മെൻറുകളുടെയും അധ്യാപക വിരുദ്ധ നിലപാട് സ്വീകരിക്കുന്നവരുടെയും പ്രതിനിധികളെ സിൻഡിക്കേററിലെത്തിക്കുക എന്നതാണ്. അധ്യാപകൻെറ വോട്ടു വാങ്ങി അധ്യാപക ശത്രുക്കളെ സിൻഡിക്കേററിലെത്തിക്കാൻ കച്ചകെട്ടി ഇറങ്ങിയിരിക്കുന്ന ഇവരെ ഒററപ്പെടുത്തി പരാജയപ്പെടുത്തണമെന്ന് ഉദ്ബുദ്ധരായ കോളേജധ്യാപകരോട് അഭ്യർത്ഥിക്കുന്നു.

അറുപതു ശതമാനത്തിലധികം കോളേജധ്യാപകരെ അപകടപ്പെടുത്തുമായിരുന്ന-ഒരു സാമൂഹ്യ വിപത്താകുമായിരുന്ന-പ്രീഡിഗ്രി ബോർഡ് തീരുമാനത്തി

നെതിരെ നടത്തിയ സമരത്തിൽ ഇവർ എടുത്ത കുപ്രസിദ്ധമായ നിലപാട് സുവി ദിതമാണല്ലോ? ആ സമരത്തിന് എതിരായ നിലപാട് സ്വീകരിച്ചവരും സമരത്തി ലുണ്ടെന്ന് വരുത്തിതീർക്കാൻ ശ്രമിച്ചുകൊണ്ട് അന്നത്തെ സർക്കാരിന് ശിങ്കിടി പാടി നടന്നവരും ഇന്ന് പല തൊടുകുറി ന്യായങ്ങൾ പറഞ്ഞ് രംഗത്ത് അണിനിര ന്നിരിക്കുന്നു. എ. കെ. പി. സി. ടി. എ ക്ക് എതിരായ ഐക്യമുന്നണി രൂപീക രിച്ചിരിക്കുന്നു. സംഘടനാ രംഗത്തെ ഐക്യ പ്രസ്ഥാനങ്ങളെ തള്ളിപ്പറഞ്ഞിരുന്ന ഈ പുത്തൻ മുന്നണി സ്വാർത്ഥ മോഹികളുടെ താവളം മാത്രമല്ലേ?

സർവ്വകലാശാലാ സമിതികളിലെ അംഗത്വം എ. കെ. പി. സി. ടി. എ. ക്ക് വ്യക്തിപരമായി ആരെയും അംഗീകരിക്കാനുള്ള ഉപാധിയല്ല; സംഘടിത പ്ര സ്ഥാനത്തിന്റെ ഭാഗമായി നാം നടത്തുന്ന പ്രക്ഷോഭ സമരങ്ങൾ ഈ വേദികളിലും പ്രതിഫലിപ്പിക്കുവാനാണ്. സംഘടിത ശക്തിക്കുണ്ടാകുന്ന ഏതൊരു ദൗർബ ല്യവും അവകാശ സമര രംഗത്ത് നമ്മേ തളർത്താൻ മാത്രമായിരിക്കും ഇടനൽകുക. അധ്യാപക വിരുദ്ധ ശക്തികൾക്ക് കൂടുതൽ ശക്തി പകരാൻ ഇത് ഇടയാക്കു കയും ചെയ്യും.

അധ്യാപക സമൂഹത്തിന്റെ പുരോഗതിക്ക് വിഘാതമായി നിൽക്കുന്ന ഇത്തരം കുത്സിത ശക്തികളെ അമ്പേ പരാജയപ്പെടുത്തി എ.കെ.പി.സി.ടി.എ. സ്ഥാനാർത്ഥികളെ വിജയിപ്പിക്കാൻ മുഴുവൻ കോളേജ് അധ്യാപകരും മുന്നോട്ടു വരണമെന്ന് ഒരിക്കൽകൂടി അഭ്യർത്ഥിച്ചുകൊണ്ട്,

അഭിവാദനങ്ങളോടെ,

**പ്രൊഫ. വി. നാരായണൻകുട്ടി**
പ്രസിഡൻറ്

**പ്രൊഫ. പി. നരേന്ദ്രൻ**
ജനറൽ സെക്രട്ടറി

---

രജിസ്ടേഡ് ഗ്രാജ്വേററ് മണ്ഡലത്തിൽ

## പ്രതാപചന്ദ്രൻനായർ സ്ഥാനാർത്ഥി

സുഹൃത്തുക്കളെ,

കേരളസർവകലാശാലസെനററിലേക്ക രജിസ്ടേഡ് ഗ്രാജ്വേററുകളുടെ മണ്ഡലത്തിൽ നിന്നുള്ള തെരഞ്ഞെടുപ്പിൽ ശ്രീ. എ. പ്രതാപചന്ദ്രൻ നായർ (ജില്ലാ സെക്രട്ടറി, എ. കെ. പി. സി. ടി. എ കണ്ണൂർ) സ്ഥാനാർത്ഥി യാണ്. യൂണിവേഴ്സിററി ഭരണ സമതികളിൽ അ ധ്യാപക താല്പര്യങ്ങൾ സംരക്ഷിക്കുവാൻ എ. കെ. പി. സി. ടി എ ക്കു മാത്രമേ കഴിയുകയുള്ളൂ. അതുകൊണ്ടു തന്നെ ഈ സമിതികളിൽ നമ്മുടെ പ്രാതിനിധ്യം പരമാവധി വർദ്ധിപ്പിക്കേണ്ടതുണ്ട്. എ. കെ. പി. സി. ടി. എ. യുടെ ഊർജ്ജസ്വലനായ പ്രവർത്തകനാണ് ശ്രീ. പ്രതാപചന്ദ്രൻനായർ. അദ്ദേഹത്തിന്റെ വിജയം ഉറപ്പുവരുത്തുന്നതിനു വേണ്ടി ആത്മാർഥമായി പ്രവർത്തിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പ്രൊഫ. പി. നരേന്ദ്രൻ
ജനറൽ സെക്രട്ടറി.

**കോഴിക്കോട് യൂനി: സെനററ്**

# എ. കെ. പി. സി. ടി. എ. കരുത്തു തെളിയിച്ചു

പ്രൊഫ. വി. നാരായണൻ കുട്ടി (പ്രസിഡൻറ്, എ.കെ.പി.സി.ടി.എ)

1988-ലെ സെനററ് തിരഞ്ഞെടുപ്പിൽ നാലു സീററ് നേടിയ പി. സി. ടി. എ. ക്കാർക്ക് മൂന്നു സീററ് കൊണ്ട് തൃപ്തിപ്പെടേണ്ടിവന്നു. ഇതിന് വാർത്താ പ്രാധാന്യം ഇല്ലായിരിക്കാം. ആർ. എസ്. എസ്. കാരുടെ പ്രതിനിധിയായി ഡോക്ടർ പി. കെ. ഉണ്ണിക്കുപകരം ശ്രീ വി. പി. കുഞ്ഞികൃഷ്ണൻ നമ്പ്യാർ വന്നതും കൃസ്ത്യൻ മതമേധാവികളുടെ സ്വാധീനം ഉപയോഗിച്ച് 1983 ലെ സെനററിൽ രണ്ടാളുകൾ ഉണ്ടായിരുന്നതിനുപകരം പുതിയ രണ്ടാളുകൾ വന്നതും വാർത്താപ്രാധാന്യം ഉള്ളതല്ല. എന്നാൽ ഈ തിരഞ്ഞെടുപ്പിലെ ഏററവും ശ്രദ്ധേയമായ കാര്യം 1983-ലെ തിരഞ്ഞെടുപ്പിൽ നേതൃത്വത്തിൻെറ പിടിപ്പുകേടുമൂലം തിരിച്ചടിപററിയ എ. കെ പി. സി. ടി. എ. യുടെ ഉയർത്തെഴുന്നേല്പും സംഘടന തൻെറ ഉള്ളം കൈയ്യിലൊതുങ്ങി എന്നു വീമ്പിളക്കിയ എം. ആർ. ചന്ദ്രശേഖരനു കിട്ടിയ തിരിച്ചടിയുമാണ്. 1983-ലെ 5 സീററിൽ നിന്നും 7 സീററിലേക്കുള്ള എ കെ. പി. സി. ടി. എ. യുടെ വിജയയാത്ര ക്ലേശകരവും ആവേശകരവുമായ ഒരനുഭവമാണ്. ഈ സെനററ് തെരഞ്ഞെടുപ്പിൽ സ്വന്തം നില മെച്ചപ്പെടുത്താൻ കഴിഞ്ഞ ഏക സംഘടനയെന്ന ബഹുമതിയും എ. കെ. പി. സി. ടി. എ യ്ക്കു തന്നെയാണ്.

## പ്രതികൂലസാഹചര്യങ്ങൾ

ഏററവും പ്രതികൂലമായ സാഹചര്യങ്ങളിലാണ് എ. കെ. പി. സി. ടി. എ. ഈ തിരഞ്ഞെടുപ്പിനെ നേരിട്ടത്.

1 1985 ൽ അധികാര-സാമ്പത്തിക മോഹങ്ങളുടെ സാക്ഷാത്കാരത്തിനുവേണ്ടി ഒരു പിടി 'യെസ്മെൻ'മാരെയും കൂട്ടി സംഘടനയിൽ നിന്ന് പുറത്തുപോകുകയും ഒരു പോക്കററ് സംഘടനയുണ്ടാക്കി എ. കെ. പി. സി. ടി. എ യെ പിടിച്ചടക്കിയെന്നും ബഹുഭൂരിപക്ഷം സംഘടനാംഗങ്ങളും തങ്ങളുടെ കൂടെയാണെന്നും പൊള്ളയായ അവകാശവാദം മുഴക്കി പത്ര മാദ്ധ്യമങ്ങളെയും പൊതുജനാഭിപ്രായത്തെയും തെററിദ്ധരിപ്പിക്കുകയും ചെയ്ത ശ്രീ എം. ആർ. ചന്ദ്രശേഖരൻ പരത്തിവിട്ട പുകമറ കെട്ടടങ്ങിയിട്ടില്ല.

2 എ. കെ. പി. സി. ടി. എ. യോട് കണക്കുതീർക്കാൻ വേണ്ടി അദ്ദേഹം പി. സി. ടി. എ. യുമായി പരിപൂർണ്ണ ധാരണയിലെത്തി ഒരൊററ പാനലായാണ് ഇലക്ഷനെ നേരിട്ടത്. കോളേജധ്യാപകരംഗത്ത് 'മെക്കാർത്തിസം' പ്രചരിപ്പിച്ച് എ. കെ. പി. സി. ടി. എ. സ്ഥാനാർത്ഥികളെ ഒററപ്പെടുത്താനും തങ്ങൾക്ക് സ്വാധീനമുള്ള വോട്ടർമാരുടെ ഒരൊററ പ്രിഫറൻസ് പോലും അവർക്ക് ലഭിക്കാതിരിക്കാനുമുള്ള സംഘടിതമായ ശ്രമം അവർ നടത്തിയിരുന്നു.

3 ഇന്നേവരെ നടന്ന എല്ലാ സെനററ് തിരഞ്ഞെടുപ്പിലും എ. കെ. പി. സി. ടി. എ. യുടെ അധ്യാപക താത്പര്യ സംരക്ഷണവ്യഗ്രത കണക്കിലെടുത്ത് അറബിക് കോളേജധ്യാപകർ നമുക്ക് പരിപൂർണ്ണ പിന്തുണ നൽകി വന്നതാണ്. ഒരു വിട്ടുവീഴ്ചയും ഇല്ലാതെ അവർ നമ്മിലർപ്പിച്ച വിശ്വാസം പരമാവധി സാധൂകരിയ്ക്കത്തക്കവിധം ആത്മാർത്ഥതയോടെ നമ്മുടെ സംഘടനാപ്രതിനിധികൾ യൂണിവേഴ്സിററി ഭരണസമിതികളിൽ അറബിക് കോളേജിലെ അധ്യാപകരുടെതടക്കം മുഴുവൻ അധ്യാപക സമൂഹത്തിൻെറയും അവകാശ സംരക്ഷണത്തിന വേണ്ടി പോരാടിയെന്ന വസ്തുത പരക്കെ അംഗീകരിക്കപ്പെടുന്നതാണ്. ഇതംഗീകരിയ്ക്കു

ന്ന അറബിക് കോളേജ് മേധാവികൾ മററ് ചില പരിഗണനകൾക്ക് വിധേയരായി നമുക്ക് നല്കി വന്നിരുന്ന പിന്തുണ പിൻവലിക്കുകയും നമുക്കെതിരെ ശ്രീ എം. ആർ ചന്ദ്രശേഖരന്റെ പാനലിലെ ഒരു സ്ഥാനാർത്ഥിക്ക് മുഴുവൻ വോട്ടുകളുടെയും പിൻബലം നല്കുകയും ചെയ്തു. ഭാഗികമായി പിന്തുണ നല്കാമെന്ന് നമുക്കുതന്ന ഉറപ്പുപോലും അവർ പാലിക്കുകയുണ്ടായില്ല.

4 എൻജിനീയറിംഗ് കോളേജ് വിദ്യാർത്ഥികളെ വാചാപരീക്ഷയിലൂടെ പീഢിപ്പിക്കുകയും വകവരുത്തുകയും ചെയ്യുന്നതിനെതിരെ നമ്മുടെ സംഘടനാപ്രതിനിധികൾ യൂണിവേഴ്സിററി ഭരണസമിതികളിൽ തത്വാധിഷ്ഠിതമായ ഒരു സമീപനം സ്വീകരിക്കുകയുണ്ടായി. ഇത് സമ്പത്തിക കൈമോശം വന്നുപോയ എൻജിനീയറിംഗ കോളേജിലെ ചില അദ്ധ്യാപകരെ നമുക്കെതിരെ സംഘടിക്കുവാൻ പ്രേരിപ്പിച്ചു അവരും എം ആർ ചന്ദ്രശേഖരനുണ്ടാക്കിയ എ. കെ. പി സി ടി. എ. വിരുദ്ധമുന്നണിയിൽ നിലയുറപ്പിച്ചു

5 യു. ജി. സി. സമരത്തിന്റെ പര്യവസാനം സംബന്ധിച്ച് അധ്യാപകർക്കിടയിലുണ്ടായിരുന്ന ആശയക്കുഴപ്പം വർദ്ധിപ്പിക്കാൻ നമ്മുടെ എതിരാളികൾ കൊണ്ടുപിടിച്ച് ശ്രമിച്ചുവരികയായിരുന്നു. അഖിലേന്ത്യാ നേതൃത്വത്തിന്റെ പിടിപ്പുകേടുമൂലം ഐതിഹാസികമായ യു ജി. സി. സമരത്തെ വിജയമാക്കി അധ്യാപക ലോകത്തിന്റെ ഭാഗധേയം തിരുത്തികുറിക്കുവാൻ നമുക്ക് കഴിഞ്ഞില്ല. ഇതുണ്ടാക്കിയ അസംതൃപ്തിയും ഇതിനെ തുടർന്നുണ്ടായ ആശയക്കുഴപ്പവും നമുക്കെതിരെ പരമാവധി പ്രയോജനപ്പെടുത്തുവാൻ എതിരാളികൾ ശ്രദ്ധിക്കുകയുണ്ടായി. സംഘടനയെടുത്ത തത്വാധിഷ്ഠിതമായ നിലപാട് വിശദീകരിച്ചുകൊടുത്ത് അധ്യാപകരെ ബോദ്ധ്യപ്പെടുത്തുന്നതിൽ നാം വേണ്ടത്ര ശ്രദ്ധിച്ചില്ലെന്ന കാര്യവും ഇവിടെ സ്മരണീയമാണ്.

## എട്ടുകാലി മമ്മൂഞ്ഞ്

ഈ പ്രതികൂല സാഹചര്യങ്ങളിൽ വേണം തിരഞ്ഞെടുപ്പിലെ പ്രകടനത്തെ വിലയിരുത്താൻ. ഈ സാഹചര്യം പരമാവധി ചൂഷണം ചെയ്തുകൊണ്ട് എ. കെ. പി. സി. ടി. എ വിരുദ്ധമുന്നണി തട്ടിക്കൂട്ടിയ സംഘടനയെ ഒററപ്പെടുത്തി ഒതുക്കുവാൻ ശ്രമിച്ച എം. ആർ. ചന്ദ്രശേഖരൻ തന്റെ ഗ്രൂപ്പിനു നാല് സീററ് കിട്ടിയെന്നും മുൻ സെനററിൽ തങ്ങൾക്കുണ്ടായിരുന്ന ശക്തി നിലനിർത്തിയെന്നും അവകാശപ്പെട്ടിട്ടുണ്ട്. എന്നാൽ അടുത്ത ദിവസം തന്നെ ചന്ദ്രിക ദിനപത്രത്തിൽ വന്ന റിപ്പോർട്ടനുസരിച്ച് ശ്രീ എം. ആർ. ചന്ദ്രശേഖരൻ അവകാശപ്പെട്ട ഒരു സെനററ് സ്ഥാനാർത്ഥി താൻ സ്വതന്ത്ര സ്ഥാനാർത്ഥിയായിരുന്നുവെന്ന് പ്രസ്താവനയിറക്കുകയുണ്ടായി. മുജാഹിദിന്റെയും അറബിക് കോളേജ് അധ്യാപകരുടെയും വോട്ടുകൊണ്ട് ജയിച്ച അദ്ദേഹം എം. ആർ. ചന്ദ്രശേഖരൻ നിർത്തുന്ന സിണ്ടിക്കേററ് സ്ഥാനാർത്ഥിയുടെ കൂടെ നില്ക്കുമെന്ന് ആരും തന്നെ വിശ്വസിക്കുന്നില്ല ഹിന്ദു വർഗീയവാദികളുടെ പ്രാതിനിധ്യം വഹിച്ചുകൊണ്ട് മുമ്പ് ഡോ: പി. കെ. ഉണ്ണി സെനററിലുണ്ടായിരുന്ന സ്ഥാനത്താണ് പ്രൊഫ: വി. പി. കുഞ്ഞികൃഷ്ണൻ നമ്പ്യാർ ജയിച്ചുവന്നിട്ടുള്ളത്. ഇതും ഭരവർക്കവകാശപ്പെടാവുന്നതാണെന്ന് തോന്നുന്നില്ല. ശ്രീ. കൃഷ്ണൻനായരുടെ വിജയം വ്യക്തിപരമായ വിജയമാണെന്ന് പരക്കെ അംഗീകരിക്കപ്പെടുന്നുണ്ട്. ഇങ്ങനെ നോക്കുമ്പോൾ പതിനായിരങ്ങൾ മുടക്കി തിരഞ്ഞെടുപ്പിൽ മത്സരിച്ച തോളൂർ ശശിധരന്റെ വിജയം മാത്രമേ ഈ വ്യാപാരി സംഘത്തിന് അവകാശപ്പെടാനുള്ളുവെന്നു കാണാവുന്നതാണ്.


അങ്ങനെ തങ്ങളുടെ ശക്തി നിലനിർത്തിയെന്നു ആശ്വാസം കൊണ്ട പ്രൊഫ: ചന്ദ്രശേഖരനു തന്റെ സംഘടനാശക്തി കൊണ്ട് നേടാൻ കഴിഞ്ഞത് ഒരൊററ സീററുമാത്രമാണ്. അതിന് എന്തെല്ലാം വൃത്തികേടുകൾ കാണിച്ചു എന്തെല്ലാം കള്ളക്കഥകൾ പ്രചരിപ്പിച്ചു !

എ. കെ. പി. സി. ടി. എ ക്ക് നേട്ടമുണ്ടായത് സീററുകളുടെ എണ്ണത്തിൽ മാത്രമല്ല ഫസ്ററ് വോട്ടുകളുടെ കാര്യത്തിലും ഗണ്യമായ നേട്ടമാണുണ്ടായത്. മുൻകാല അനുഭവങ്ങൾ വച്ചുനോക്കുമ്പോൾ സംഘടനയുടെ മൊത്തം അംഗസംഖ്യയെക്കുറിക്കുന്നത്ര ഫസ്ററ് വോട്ട്കൾ നമ്മുടെ സ്ഥാനാർത്ഥികൾക്ക് നേടാൻ കഴിഞ്ഞിരുന്നില്ല അത്രയധികം സംഘടനാംഗങ്ങൾ

പുറമെയുള്ള സ്ഥാനാർത്ഥികൾക്ക് വോട്ടു ചെയ്തിരുന്നുവെന്നർത്ഥം. എന്നാൽ ഇത്തവണ മൊത്തം അംഗസംഖ്യയെക്കാൾ 300 കൂടുതൽ ഫസ്റ്റ് വോട്ടുകൾ നമ്മുടെ സ്ഥാനാർഥികൾക്ക് നേടാൻ കഴിഞ്ഞു പി. സി. റ്റി. എ. സാമുവൽ ഗ്രൂപ്പിന്റെ സീറ്റ് ഒന്നു കുറയുകയും പവിത്രൻ ഗ്രൂപ്പിന്റെ ഏക സ്ഥാനാർത്ഥി ആദ്യം തന്നെ പുറം തള്ളപ്പെടുകയും ചെയ്ത സാഹചര്യത്തിൽ വ്യക്തമായ നേട്ടങ്ങൾ വോട്ടിന്റെയും സീറ്റിന്റെയും കാര്യത്തിൽ ഉണ്ടാക്കാൻ സാധിച്ചത് നമ്മുടെ സംഘടനക്കുമാത്രമാണ്. പ്രൈവറ്റ് കോളേജധ്യാപകലോകം, നമ്മുടെ സംഘടനയിലർപ്പിച്ച പരിപൂർണ്ണവിശ്വാസമാണിത് പ്രതിഫലിപ്പിക്കുന്നത്. അവരുടെ ഉയർന്ന പ്രതീക്ഷയ്ക്കനുസരിച്ച് ഉയർന്ന് പ്രവർത്തിക്കുവാനും അധ്യാപകർക്കുവേണ്ടി പുതിയ നേട്ടങ്ങൾ ഉണ്ടാക്കുവാനും നാം തയ്യാറാവുകയും അതിനുവേണ്ടി സ്വയം അർപ്പിക്കുകയും വേണം.

□

## കോഴിക്കോട് യൂണി: സെനറ്റിലേക്ക് തിരഞ്ഞെടുക്കപ്പെട്ട എ. കെ. പി. സി. ടി. എ. പ്രതിനിധികൾ



പ്രൊഫ. സി. ജെ. ശിവശങ്കരൻ
ക്രൈസ്റ്റ് കോളേജ്,
ഇരിങ്ങാലക്കുട.



പ്രൊഫ: എ. എം. കൃഷ്ണൻ
എസ്. എൻ. കോളേജ്
നാട്ടിക



പ്രൊഫ: കെ. ദാമോദരൻ
കേരളവർമ്മ കോളേജ്,
തൃശൂർ



പ്രൊഫ: എ. സേതുമാധവൻ
എൻ. എസ്. എസ്. കോളേജ്,
ഒറ്റപ്പാലം




പ്രൊഫ: പി. പത്മനാഭൻ
ഗുരുവായൂരപ്പൻ കോളേജ്,
കോഴിക്കോട്



പ്രൊഫ: പി. പി. ജോൺ
സെന്റ് ജോസഫ് കോളേജ്,
ദേവഗിരി, കോഴിക്കോട്

# ക്ഷേമനിധി വിഹിതം നൽകി



ചെങ്ങന്നൂർ ക്രിസ്ത്യൻ കോളേജിലെ മലയാളവിഭാഗത്തിൽ അധ്യാപകനായിരുന്ന അന്തരിച്ച പ്രൊഫ: എ. ജെ. ജോർജിന്റെ കുടുംബത്തിന് എ. കെ പി. സി. ടി. വെൽഫെയർട്രസ്റ്റിൽ നിന്നുള്ള പതിനായിരം രൂപ 25-3-88-ൽ ചെങ്ങന്നൂർ ക്രിസ്ത്യൻ കോളേജിൽ കൂടിയ സമ്മേളനത്തിൽവച്ച് പ്രിൻസിപ്പൽ പ്രൊഫ: എൻ. പി. ഫിലിപ്പ് നല്കുകയുണ്ടായി. പ്രസ്തുത യോഗത്തിൽ ജനറൽ സെക്രട്ടറി പ്രൊഫ: പി. നരേന്ദ്രൻ, പ്രൊഫ: മാമ്മൻവർക്കി (ബിഷപ്പ് മൂർ കോളേജ്), ബ്രാഞ്ച് പ്രസിഡണ്ട് പ്രൊഫ: ആർ. രാധാകൃഷ്ണൻ നായർ, എന്നിവർ പ്രസംഗിച്ചു പ്രൊഫ: എം. കെ. ജോൺ സ്വാഗതവും ബ്രാഞ്ചു സെക്രട്ടറി പ്രൊഫ: കെ. എ. ജോർജ് കൃതജ്ഞതയും പറഞ്ഞു. ക്ഷേമനിധിയിൽ നിന്നുള്ള സഹായം സ്വീകരിച്ചുകൊണ്ട് ശ്രീമതി ലീലാ ജോർജ് സമുചിതമായി നന്ദി പറഞ്ഞു.

## ഞങ്ങൾ ദുഃഖിക്കുന്നു

കണ്ണൂർ എസ്. എൻ. കോളേജ് അദ്ധ്യാപകൻ പ്രദീപ് രാജ് ആലപ്പുഴയ്ക്കു സമീപം ചന്തിരൂർ ഗവ. ഹൈസ്കൂളിന് മുൻവശം വച്ച് കാറപകടത്തിൽ മരണമടഞ്ഞു. എ. കെ. പി. സി. ടി. എ. യുടെ സജീവാംഗമായിരുന്ന ശ്രീ. പ്രദീപ് രാജിന്റെ അകാല വിയോഗത്തിൽ അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളോടൊപ്പം ഞങ്ങളും ദുഃഖിക്കുന്നു.

# സംഘടനയുടെ കരുത്ത് തെളിയിച്ച തൃശൂർ സമ്മേളനം

പ്രൊഫ. എം. മുരളീധരൻ (കൺവീനർ, സ്വാഗതസംഘം)

സ്വകാര്യ കോളേജധ്യാപകരുടെ സമര സംഘടനയായ എ. കെ. പി. സി. ടി. എ മറേറതൊരു സർവീസ് സംഘടയ്ക്കുമൊപ്പം സംഘടനാശേഷിയിൽ വളർന്നെത്തിയിരിക്കുന്നു എന്ന് തൃശൂർ സമ്മേളനം ഒരിക്കൽ കൂടി വിളിച്ചോതി. പന്ത്രണ്ടാം തീയതി തൃശൂർ നഗരത്തിന്റെ മുഴുവൻ ശ്രദ്ധ പിടിച്ചുപറിക്കൊണ്ട് അധ്യാപകർ നടത്തിയ പ്രകടനം സാധാരണ നിലയിൽ ഇക്കാര്യങ്ങളെല്ലാം അവഗണിക്കുന്ന കുത്തക പത്രങ്ങളുടെകൂടെ കണ്ണുതുറപ്പിച്ചു എന്നോർക്കുക. കോളേജധ്യാപകരുടെ ഒരേയൊരു സമര സംഘടന എന്ന തലക്കെട്ടോടെയാണ് പലപത്രങ്ങളും പ്രകടനത്തെ പിറേറന്ന് വിലയിരുത്തിയത്.

മാർച്ച് 11, 12, 13 തീയതികളിൽ നടന്ന സംസ്ഥാന സമ്മേളനത്തിന്റെ സ്വാഗത സംഘ രൂപീകരണയോഗം ജനുവരി അവസാനം തൃശൂരിൽ ചേർന്നപ്പോൾതന്നെ അവിടെ പങ്കെടുത്ത വിവിധ സർവീസ് സംഘടനാ ട്രെയ്ഡ്യൂണിയൻ പ്രതിനിധികളുടെ പ്രാതിനിധ്യം ശ്രദ്ധേയമായിരുന്നു. അനവധി ബഹുജന സമരങ്ങളുടെ വേലിയേററങ്ങളിൽ തങ്ങളോടൊപ്പം നിന്ന എ. കെ. പി. സി. ടി. എ യുടെ സമ്മേളനവിജയം അവിടെ എത്തിയിരുന്ന ഓരോ സംഘടനാ പ്രവർത്തകനും സ്വന്തം പ്രശ്നമാക്കി മാററിയതായി തോന്നി. തൃശൂർ എം. എൽ. എ. ഇ കെ മേനോൻ ചെയർമാനും പ്രൊഫ: എം. സലീം കൺവീനറുമായി രൂപീകരിച്ച സ്വാഗത സംഘം എഴുപത്തയ്യായിരം രൂപ ചിലവു പ്രതീക്ഷിക്കുന്ന വിപുലമായ പരിപാടികൾക്കായിരുന്നു രൂപം നൽകിയത്.

മാർച്ച് മാസം പുലരുന്നതിനുമുമ്പുതന്നെ തൃശൂരും പരിസരവും എ. കെ. പി. സി. ടി. എ യുടെ ബഹു വർണ്ണതോരണങ്ങളും ചുമരെഴുത്തുകളും പോസ്ററുകളും നിറഞ്ഞുനിന്ന ലോകമായി മാറുകയായിരുന്നു. പെരിഞ്ചേരി ബിൽഡിങ്ങിൽ പ്രവർത്തനങ്ങളുടെ സിരാകേന്ദ്രമായ സ്വാഗത സംഘം ഓഫീസ് അതിനിടെ പ്രവർത്തനമാരംഭിച്ചിരുന്നു. ഓഫീസിന്റെ ഉൽഘാടനം നിറഞ്ഞ ഒരു സദസ്സിന്റെ മുന്നിൽവെച്ച് ഇ. കെ. മേനോൻ എം. എൽ. എ നിർവഹിച്ചു.

സമ്മേളനങ്ങളുടെ വേദികളായ സാഹിത്യ അക്കാദമിഹാളും ടൗൺഹാളും യഥാക്രമം വി.ആർ. എസ് നഗറും എം.പി. പോൾ നഗറുമായി കൂററൻ കമാനങ്ങളോടെ അധ്യാപകരെ സഹർഷം സ്വാഗതം ചെയ്യാനായി തയ്യാറായി നിന്നു. മാർച്ച് 11-ാം തീയതി രാവിലെയും ഉച്ചയ്ക്കുമായി പ്രവർത്തകസമിതി യോഗവും സംസ്ഥാന കമ്മിററിയും ചേരുകയുണ്ടായി. ഉച്ചതിരിഞ്ഞ് നാലരമണിക്ക് പ്രസിഡണ്ട് പ്രൊഫ: വി. നാരായണൻകുട്ടി അധ്യാപകരുടെ അഭിമാനത്തിന്റെ പ്രതീകമായ ശുഭ്ര പതാക ഉയർത്തിയതോടെ ഉയർന്ന മുദ്രാവാക്യങ്ങൾ ഇന്നലെകളെക്കുറിച്ച് തികഞ്ഞ സംതൃപ്തിയും നാളെകളെക്കുറിച്ച് ആരോഗ്യകരമായ പ്രതീക്ഷകളും വെച്ചു പുലർത്തുന്നവയായിരുന്നു. ഒരു മഹാ പ്രസ്ഥാനത്തിന്റെ പതാകാവാഹകരായി മാറുന്നതിലുള്ള അഭിമാനം പ്രതിനിധികളിൽ തെളിഞ്ഞുനിന്നിരുന്നു. കേരള സർവകലാശാലാ വൈസ് ചാൻസിലർ ഡോ. ജി ബാലമോഹൻ തമ്പിയുടെ ഉൽഘാടന പ്രസംഗം ഒരു വിദ്യാഭ്യാസ വിചക്ഷണന്റെ അനുഭവ ശൈലിയും പക്വതയും നിറഞ്ഞതായിരുന്നു. എം. പി. പോൾ നഗറിൽ കവിഞ്ഞൊഴുകിയ സദസ് നമ്മുടെ വിദ്യാഭ്യാസ ലോകം നേരിടുന്ന പ്രശ്നങ്ങൾ ആ വാഗ്വിലാസത്തിലൂടെ കേട്ടറിഞ്ഞു. സഖാക്കൾ കെ. വി. ദേവദാസ് കെ.വി. രാജേന്ദ്രൻ എന്നിവർ സഹോദര സംഘടനകളുടെ സൗഹാർദ സന്ദേശവുമായി സമ്മേളനത്തെ അഭിസംബോധന ചെയ്തു. പ്രൊഫ: നാരായണൻകുട്ടിയുടെ അദ്ധ്യ

ക്ഷതയിൽ ചേർന്ന ഉദ്ഘാടന യോഗത്തിൽ കെ. ജി. ഒ. എ. നേതാവായ സ്വാഗതസംഘം വൈസ് ചെയർമാൻ ആർ. രാജൻ സ്വാഗതം പറഞ്ഞു. പ്രൊഫ. സലീം കൃതജ്ഞത രേഖപ്പെടുത്തി. പൂതനാമോക്ഷം കഥകളിയോടെയാണ് അന്നത്തെ പൊതുപരിപാടി അവസാനിച്ചത്.

ഉദ്ഘാടന യോഗാരംഭത്തിലുണ്ടായ ഒരു നിർഭാഗ്യകരമായ സംഭവവും പരാമർശിക്കാതെ വയ്യ. ഡോ. തമ്പി യൂണിവേഴ്സിറ്റിയിൽ തികച്ചും യാദൃശ്ചികമായി നടത്തിയ പരാമർശത്തിന്റെ പുവടുപിടിച്ച് ഹാലിളകിയ ചില ചെറുപ്പക്കാർ ഒരു വിദ്യാർത്ഥി സംഘടനയുടെ പേരിൽ നമ്മുടെ സമ്മേളനസ്ഥലത്തു വന്നം അദ്ദേഹത്തെ തടയാൻ ശ്രമിച്ചതും അവിടെയുണ്ടായിരുന്ന കാണികൾ അവരെ ആട്ടിയോടിച്ചതും പിറ്റേന്ന് ചില പത്രവാർത്തകൾ സൃഷ്ടിക്കാതിരുന്നില്ല. ഈ സംഭവത്തെ ചൊല്ലി പിന്നീടൊരു അദ്ധ്യാപക "നേതാവിന്റെ" തൂലികയും വിഷം വമിച്ചത് ചിലരെങ്കിലും ശ്രദ്ധിച്ചു കാണും. തലതിരിഞ്ഞ ചില ചെറുപ്പക്കാരുടെ സ്വാർത്ഥപ്രേരിതമായ ഈ നടപടി അതർഹിക്കുന്ന അവജ്ഞയോടെ സമ്മേളന പ്രതിനിധികളും നഗരവാസികളും അവഗണിച്ചു എന്നതാണ് സത്യം.

രാത്രിയേറെ വൈകുന്നതു വരെ നടന്ന പ്രതിനിധി സമ്മേളനം ജനറൽ സെക്രട്ടറിയും ട്രഷററും അവതരിപ്പിച്ച രേഖകളെക്കുറിച്ച് ചർച്ച ചെയ്തു.

പന്ത്രണ്ടാം തീയതി രാവിലത്തെ പ്രധാന പൊതു പരിപാടിയിൽ ക്ഷേമനിധി വിതരണവും യാത്ര അയപ്പും നടന്നു. എ കെ പി സി ടി എ യുടെ ജീവിക്കുന്ന രക്തസാക്ഷിയായി ഇന്നുമറിയപ്പെടുന്ന പ്രൊഫ. രാജശേഖരൻ നായരായിരുന്ന ഈ സമ്മേളനത്തിലെ മുഖ്യാതിഥി. വർക്കിംഗ് കമ്മററി മെമ്പർ,

പ്രൊഫ: കെ. ജി. കെ. പിള്ള (എസ്. ഡി. കോളേജ്, ആലപ്പുഴ)
,, നാരായണൻ നമ്പൂതിരി (ശ്രീകൃഷ്ണാ കോളേജ്, ഗുരുവായൂർ)
,, വിഷ്ണു നമ്പൂതിരി, (എസ്.ഡി കോളേജ്, ആലപ്പുഴ)
,, എം. ജി. രാമചന്ദ്രൻ (എൻ. എസ്. എസ്. കോളേജ്, നിലമേൽ)
,, സി. കെ. ഇട്ടി (എം. എ. കോളേജ്, കോതമംഗലം)
,, പി. കെ. ടി. രാജാ (കേരളവർമ്മ കോളേജ്, തൃശൂർ)

എന്നിവർക്കാണ് യാത്ര അയപ്പും സ്വീകരണവും നല്കിയത്. ക്ഷേമനിധിയിൽ നിന്നുള്ള സഹായ ധനം ചെങ്ങന്നൂർ ക്രിസ്ത്യൻ കോളേജിലെ അധ്യാപകനായിരുന്ന അന്തരിച്ച പ്രൊഫ. ജോർജിന്റെ ഭാര്യയുടെ അസാന്നിദ്ധ്യത്തിൽ ആലപ്പുഴ ജില്ലാ സെക്രട്ടറി ഏററുവാങ്ങി.

എ. കെ. പി. സി. ടി. എയുടെ വളർച്ചക്കായി വിയർപ്പ് ചിന്തിയ പഴയതലമുറ ശക്തിയിലേക്കു കുതിക്കുന്ന പുത്തൻ തുടിപ്പുകൾ മുന്നിൽ കണ്ട് രോമാഞ്ചമണിഞ്ഞ യാത്ര അയപ്പ് യോഗം അതീവ ശ്രദ്ധേയമായിരുന്നു. ഡോ. എം. സി. ചാക്കോ അദ്ധ്യക്ഷതവഹിച്ച യോഗത്തിൽ പ്രൊഫ. ടി. ഗോപാലകൃഷ്ണൻ സ്വാഗതവും പ്രൊ. എം. മുരളീധരൻ നന്ദിയും പറഞ്ഞു.

ഉച്ചഭക്ഷണത്തിനു ശേഷം ചേർന്ന വിദ്യാഭ്യാസ സാംസ്കാരിക സമ്മേളനം ഗൗരവതരമായ പ്രശ്നങ്ങളുടെ അപഗ്രഥന വേദിയായി മാറി. ഡോക്ടർ യു. ആർ. അനന്തമൂർത്തിയും പ്രൊ. എം. എൻ. വിജയനും നമ്മുടെ സാംസ്കാരികരംഗത്തെ ജടിലതകൾക്കെതിരെ പോരാടാനുള്ള ആഹ്വാനം അതിനെന്തുകൊണ്ടും അർഹരായ അദ്ധ്യാപകർക്ക നൽകുകയായിരുന്നു. ഈ വേദിയിൽ സ്വാഗതമരുളിയത് പ്രൊഫ. പി. നരേന്ദ്രനും നന്ദി പറഞ്ഞത് ഡോ. പി. എസ്. പണിക്കരുമാണ്.

പിന്നീടായിരുന്നു പ്രകടനം. തൃശൂർ, മലപ്പുറം, പാലക്കാട് ജില്ലയിലെ അദ്ധ്യാപകരും സമ്മേളന പ്രതിനിധികളും ചേർന്നു നടത്തിയ പ്രകടനം അദ്ധ്യാപക ലോകത്തെ അവസരവാദികൾക്കും ഉദരംഭരികൾക്കും താക്കീത് നൽകിയതോടൊപ്പം പണിയെടുക്കുന്നവന്റെ പട നിലങ്ങളിൽ ഉറച്ചു നിൽക്കാനുള്ള അവരുടെ സന്നദ്ധത വിളിച്ചോതുന്നതു മായിരുന്നു. വഴിയോരങ്ങളിൽ കൂട്ടം കൂട്ടമായി നിന്ന് വിവിധ സംഘടനാ പ്രവർത്തകർ മുദ്രാവാക്യങ്ങളോടെ മുഷ്ടി ചുരുട്ടി അദ്ധ്യാപക പ്രതിനിധികളെ അഭി

വാദ്യം ചെയ്തു. പ്രകടനാനന്തരം ചേർന്ന ട്രേഡ് യൂണിയൻ സമ്മേളനം ഉൽഘാടനം ചെയ്തത് സാംസ്ക്കാരിക വകുപ്പു മന്ത്രി ടി കെ രാമകൃഷ്ണനായിരുന്നു. ബഹുജനസമരങ്ങളിൽ അദ്ധ്യാപക സംഘടനകളുടെ അനുപേക്ഷണിയമായ പങ്കാളിത്തത്തെക്കുറിച്ചു ടി. കെ. അദ്ധ്യാപകരെ അനുസ്മരിപ്പിച്ചു. സ. പി. ബാലകൃഷ്ണൻ, പ്രൊഫ.സോമൻ, സ: ബാബു ശ്രീകുമാർ എന്നിവർ ഈ യോഗത്തിൽ പങ്കെടുത്തു. എൻ. ജി. ഒ. യൂണിയൻ ജില്ലാ പ്രസിഡണ്ട് പി. വി. ശ്രീധരൻ സ്വാഗതവും പ്രൊ. എ. എം. കൃഷ്ണൻ കൃതജ്ഞതയും രേഖപ്പെടുത്തി.

പിറേറന്നു രാവിലെ നടന്ന പ്രതിനിധി സമ്മേളനത്തിൽ ഒരു പഴയ സജീവ പ്രവർത്തകൻ ഓടിയെത്തി. വനം വകുപ്പു മന്ത്രി പ്രൊ. എൻ. എം. ജോസഫായിരുന്നു ആ കുടുംബാംഗമായ അതിഥി. പഴയ ജനറൽ സെക്രട്ടറി മന്ത്രിയായി വന്ന് പെട്ടെന്ന് ഔദ്യോഗിക കൃത്യങ്ങൾക്കായി പാഞ്ഞുപോയില്ല. സഹപ്രവർത്തക രോടൊപ്പം ഉച്ചഭക്ഷണവും ഓർമ്മകളും അദ്ദേഹം പങ്കിട്ടത് സംഘടനയിലെ പുതിയ പ്രവർത്തകർക്ക് കൗതുകമായി.

വിദ്യാഭ്യാസരംഗവും അധ്യാപകരും നേരിടുന്ന അനവധി പ്രശ്നങ്ങൾ ഉയർത്തിപ്പിടിച്ച പ്രമേയങ്ങൾ സമ്മേളനം അംഗീകരിക്കുകയുണ്ടായി. ബാഹ്യ മോടികൾ മാററിനിർത്തിയാലും ഈ സമ്മേളനം ശ്രദ്ധേയമായി മാറിയത് ഈ പ്രമേയങ്ങളിലൂടെയും ദീർഘവും ചടുലവുമായ ചർച്ചകളിലൂടെയുമായിരുന്നു എന്നു പറയാം.

ഭക്ഷണം, താമസ സൗകര്യം എന്നീ കാര്യങ്ങളിൽ തൃശൂർ അതിൻെറ മഹത്തായ പാരമ്പര്യം നിലനിർത്തിയെന്ന കാര്യത്തിൽ ആർക്കും സംശയമില്ല. സേവനനിരതരായ അനവധി പ്രവർത്തകരോട് എങ്ങിനെ നന്ദി പറയേണ്ടൂ എന്നറിയാതെയാണ് നിറഞ്ഞ മനസ്സോടെ പല പ്രതിനിധികളും തൃശൂർ വിട്ടത്. എ.കെ.പി.സി.ടി.എ. യുടെ കരുത്ത്, സംഘടനയുടെ സാധാരണ പ്രവർത്തകരുടെ സിരകളിലേക്ക് ആവാഹിക്കുവാൻ കഴിഞ്ഞതാണ് തൃശൂർ സമ്മേളത്തിൻെറ ഏററവും ശ്രദ്ധേയമായ സവിശേഷത. ഇനി വരുന്ന അതീവ സങ്കീർണ്ണമായ കാലഘട്ടങ്ങളെ അഭിമുഖീകരിക്കുവാനും തരണംചെയ്യാനുമുള്ള ഊർജ്ജം സമ്പാദിച്ചു കൊണ്ടാണ് അധ്യാപക പ്രതിനിധികൾ തൃശൂരിനോട് വിടപറഞ്ഞത്. □

## ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും......

എ. കെ. പി. സി. ടി. എ. അതിൻെറ മുപ്പതാം സംസ്ഥാനസമ്മേളനത്തോടനുബന്ധിച്ച് തൃശൂർ നടത്തിയ അധ്യാപക പ്രകടനത്തെ കേരളത്തിലെ പത്ര മാദ്ധ്യമങ്ങൾ ഒരേ സ്വരത്തിൽ തന്നെ അഭിനന്ദിച്ചു. എന്നാൽ കണ്ണുകടി മൂത്ത പ്രൊഫ. എം. ആർ. ചന്ദ്രശേഖരൻ കണ്ടത് ജാഥയിൽ പങ്കെടുത്ത നൂറുകണക്കിനധ്യാപകരെയല്ല, പ്രകടനത്തിന് അഭിവാദ്യം നേർന്ന് അനുഗമിച്ച എൻ ജി. ഒ. യൂണിയൻകാരെയും ബെഫിക്കാരെയുമായിരുന്നു. കൊതുക് ചോദിക്കുകയാണ്: ജാഥയിൽ എൻ. ജി. ഒ. മാരോ ബെഫിക്കാരോ ആരാണ് അധികമുണ്ടായിരുന്നത് എന്ന് !

അധ്യാപക ജാഥയിൽ നിറയെ എൻ. ജി. ഒ. മാരെയും ബഫിക്കാരെയും മാത്രംകണ്ട കൊതുകിന് സമ്മേളന കവാടത്തിൽ ഉത്ഘാടകനെ തടയാൻ ചില പ്രതിഷേധക്കാർ ശ്രമിച്ചതിനെത്തുടർന്നുണ്ടായ സംഘർഷാവസ്ഥയിൽ പ്രകടനക്കാരെ മർദ്ദിച്ചത് എ. കെ. പി. സി. ടി. എ. ക്കാർ തന്നെ എന്ന കാര്യത്തിൽ സംശയമൊന്നുമില്ല. സംഘടനയ്ക്കെതിരെ വിഷം തുപ്പുന്ന പത്രങ്ങൾപോലും പറയാൻ മടിച്ച കള്ളം തട്ടിവിടുക തന്നെ ചെയ്തു അദ്ദേഹം. സെനററ് തെരഞ്ഞെടുപ്പല്ലേ, കള്ളം പറഞ്ഞല്ലാതെ, എന്തുപറഞ്ഞാണ് നില്ക്കുക.

# എ കെ പി സി ടി എ ഭാരവാഹികൾ

1988-'89 ലെ സംഘടനാ ഭാരവാഹികൾ താഴെ പറയുന്നവരാണ്.

പ്രസിഡൻറ്

പ്രൊഫ: വി. നാരായണൻ കുട്ടി
ഗുരുവായൂരപ്പൻ കോളേജ്, കോഴിക്കോട്.

വൈസ് പ്രസിഡൻറ്

ഡോ: എം. സി. ചാക്കോ
സി. എം. എസ്. കോളേജ്, കോട്ടയം.

ജനറൽ സെക്രട്ടറി

പ്രൊഫ: പി. നരേന്ദ്രൻ
എൻ. എസ്. എസ്. കോളേജ്, നിലമേൽ.

ട്രഷറർ

പ്രൊഫ: എസ് വിശ്വനാഥൻ
എസ്. എൻ. കോളേജ്, വർക്കല.

**സോണൽ സെക്രട്ടറിമാർ**

കേരളാ യൂണിവേഴ്സിററി

പ്രൊഫ: ബി. രാധാകൃഷ്ണൻ
എം. എസ്. എം. കോളേജ്, കായംകുളം.

മഹാത്മാഗാന്ധി യൂണിവേഴ്സിററി

പ്രൊഫ: ജോർജ് സെബാസ്ററ്യൻ
കെ. ഇ. കോളേജ്, മാന്നാനം.

കോഴിക്കോട് യൂണിവേഴ്സിററി

പ്രൊഫ: എം. സലിം
ഫറൂക്ക് കോളേജ്, ഫെറോക്ക്.

**ഡിസ്ട്രിക്ട് കൗൺസിൽസ്**

തിരുവനന്തപുരം

പ്രസിഡൻറ്

പ്രൊഫ: എസ്. ശിവൻ
എസ്. എൻ. കോളേജ്, ചെമ്പഴന്തി.

സെക്രട്ടറി

പ്രൊഫ: ററി. എൻ. രാമൻപിള്ള
വി. ററി എം. എൻ. എസ്. എസ്. കോളേജ്, ധനുവച്ചപുരം.

കൊല്ലം—പ്രസിഡൻറ്

ഡോ: എ. റസലുദ്ദീൻ
ടി. കെ. എം. ആട്സ് ആൻറ് സയൻസ് കോളേജ്, കൊല്ലം.

സെക്രട്ടറി

പ്രൊഫ: ഹരിമോഹൻ പിള്ള
ഡി. ബി. കോളേജ്, ശാസ്താംകോട്ട.

പത്തനംതിട്ട—പ്രസിഡൻറ്

പ്രൊഫ: ആർ. രാജഗോപാല പിള്ള
എൻ. എസ്. എസ്. കോളേജ്, പന്തളം.

സെക്രട്ടറി

പ്രൊഫ: പി. ജെ. പത്രോസ്
കാതോലിക്കേററ് കോളേജ്, പത്തനംതിട്ട.

കോട്ടയം ഇടുക്കി-പ്രസിഡൻറ്

പ്രൊഫ: കെ. കെ. രാജേന്ദ്രൻ
ഡി. ബി. കോളേജ്, തലയോലപ്പറമ്പ്.

സെക്രട്ടറി

പ്രൊഫ: കെ. കെ. ജോൺ
ബസേലിയസ് കോളേജ്, കോട്ടയം.

ആലപ്പുഴ—പ്രസിഡൻറ്

പ്രൊഫ: കെ. ആർ. വസന്തമണി
എസ്. ഡി. കോളേജ്, ആലപ്പുഴ.

സെക്രട്ടറി

കെ. ശശിധരൻ
എസ്. എൻ. കോളേജ്, ചേർത്തല.

എറണാകുളം—പ്രസിഡൻറ്

പ്രൊഫ: വി. കെ. ആൻറണി
സെൻറ്പോൾസ് കോളേജ്, കളമശേരി.

സെക്രട്ടറി

ഡി. സലിംകുമാർ
എസ്. എൻ. എം. കോളേജ്, മാല്യങ്കര.

തൃശൂർ-പ്രസിഡൻറ്

പ്രൊഫ: കെ പി കൃഷ്ണൻ
എസ്. എൻ. കോളേജ്. നാട്ടിക.

സെക്രട്ടറി

പ്രൊഫ: സി. ജെ. ശിവശങ്കരൻ
ക്രൈസ്ററ് കോളേജ്, ഇരിങ്ങാലക്കുട.

പാലക്കാട്—പ്രസിഡൻറ്

പ്രൊഫ: കെ. ആർ. മോഹൻദാസ്
എം. ഇ.എസ്. കോളേജ്, മണ്ണാർകാട്.

സെക്രട്ടറി

പ്രൊഫ: ജി. പ്രകാശ്
എൻ. എസ്. എസ്. കോളേജ്, നെന്മാറ.

മലപ്പുറം—പ്രസിഡൻറ്

പ്രൊഫ: ജി. ബാലകൃഷ്ണൻ നായർ
എൻ. എസ്. എസ്. കോളേജ്, മഞ്ചേരി.

സെക്രട്ടറി

പി. മമ്മദ്
പി. എസ്. എം. ഒ. കോളേജ്, തിരൂരങ്ങാടി.

കോഴിക്കോട്, വയനാട്—പ്രസിഡൻറ്

പ്രൊഫ: പി. പി. ജോൺ
സെൻറ് ജോസഫ്സ് കോളേജ്,
ദേവഗിരി കോഴിക്കോട്.

സെക്രട്ടറി

പ്രൊഫ: വി രാജഗോപാൽ
മലബാർ ക്രിസ്ത്യൻകോളേജ്, കോഴിക്കോട്.

കണ്ണൂർ, കാസർഗോഡ്—പ്രസിഡൻറ്

വി. ടി. ദേവസ്യ
നെഹ്റു കോളേജ്, കാഞ്ഞാങ്ങാട്.

സെക്രട്ടറി

എ. പ്രതാപ ചന്ദ്രൻനായർ
പി. ആർ. എൻ. എസ്. എസ്. കോളേജ്,
മട്ടന്നൂർ

## സിണ്ടിക്കേററ് മെമ്പർമാർ

കേരളാ യൂണിവേഴ്സിററി

പ്രൊഫ: എ. ആൻറണി
എഫ്. എം. എൻ കോളേജ്, കൊല്ലം.

കോഴിക്കോട് യൂണിവേഴ്സിററി

പ്രൊഫ: ജി മാധവൻ നായർ
എൻ. എസ്. എസ് കോളേജ്, നെന്മാറ.

## വർക്കിംഗ് കമ്മിററിയിൽ നോമിനേററ് ചെയ്യപ്പെട്ടവർ

പ്രൊഫ: ടി. ഗോപാലകൃഷ്ണൻ
എസ്. എൻ. കോളേജ്, ചേർത്തല.

പ്രൊഫ: കെ. പി. ദിവാകരൻനായർ
വി. ടി. എം. എൻ. എസ്. എസ്. കോളേജ്
ധനുവച്ചപുരം.

പ്രൊഫ: പി. ജി. ചന്ദ്രശേഖരൻ നായർ
ഡി. ബി. കോളേജ്, തലയോലപ്പറമ്പ്.

പ്രൊഫ: എ എം. കൃഷ്ണൻ
എസ്. എൻ. കോളേജ്, നാട്ടിക

## സംഘടനയുടെ ലയസൺ ഓഫീസർമാർ

സെക്രട്ടറിയേററ്

പ്രൊഫ: ആർ. മോഹനകൈമൾ
സാരംഗ, T.C. 22/704
ഐരാണിമുട്ടം (പി. ഒ )
തിരുവനന്തപുരം-9-ടെലി: 73726.

ഡി. ഡി. ഇ. ഓഫീസ്

പ്രൊഫ: കെ. പി. ദിവാകരൻ നായർ
T.C. 3/1206, കേശവദാസപുരം,
തിരുവനന്തപുരം-4

കേരളാ യൂണിവേഴ്സിററി

പ്രൊഫ: ടി. എൻ. രാമൻപിള്ള
28/406, അംബുജവിലാസം റോഡ്,
തിരുവനന്തപുരം-1

കൊല്ലം ഡെ. ഡയറക്ടർ ഓഫീസ്

പ്രൊഫ: ടി. എൻ. ഹരിമോഹൻ പിള്ള
ഡി. ബി. കോളേജ്, ശാസ്താംകോട്ട.
ടെലി: കററാനം-14

മഹാത്മാഗാന്ധി സർവ്വകലാശാല

പ്രൊഫ: ജോർജ് സെബാസ്ററ്യൻ
കെ. ഇ കോളേജ്,
മാന്നാനം. ടെലി: 7499 (കോട്ടയം)

കോട്ടയം ഡെ. ഡയറക്ടർ ഓഫീസ്

പ്രൊഫ: കെ. ജെ. ജോൺ
ബസേലിയസ് കോളേജ്, കോട്ടയം.

തൃപ്പൂണിത്തുറ ഡെ ഡയറക്ടർ ഓഫീസ്

ശ്രീ ഡി. സലിംകുമാർ
എസ. എൻ. എം. കോളേജ്, മാല്യങ്കര.

തൃശൂർ ഡെ ഡയറക്ടർ ഓഫീസ്

പ്രൊഫ: സി. ജെ. ശിവശങ്കരൻ
ക്രൈസ്ററ് കോളേജ്, ഇരിങ്ങാലക്കുട.

കോഴിക്കോട് സർവ്വകലാശാല

ശ്രീ വി രാജഗോപാലൻ
മലബാർ ക്രിസ്ത്യൻ കോളജ്, കോഴിക്കോട്.

കോഴിക്കോട് ഡെ.ഡയറക്ടർ ഓഫീസ്

പ്രൊഫ: പി. ടി. അബ്ദുൾ ലത്തീഫ്
ഫറൂക്ക് കോളേജ്, കോഴിക്കോട്.

# I. D. Act 'reference' covers minority institutions

The Industrial Disputes Act provision for the 'reference' of an "industrial dispute" to an industrial tribunal or labour court is not violative of the Fundamental Rights of minorities to establish and administer educational institutions of their choice the Supreme Court has ruled.

As such, Sections 9(a), 10, 11(a), 12 and 33 of the I D. Act are applicable to minority educational institutions like the Christian Medical College and Hospital at Vellore, Mr. Justice E. S. Venkataramiah said, delivering the judgment of a Division Bench.

With these observations, the Bench, which included Mr. Justice K. N. Singh, allowed an appeal from the Christian Medical College Hospital Employees' Union and another, against a judgment of the Madras High Court, and directed the labour court to dispose of a 'reference' made to it by the Tamil Nadu Government in accordance with law. The 'reference' followed the dismissal of three employees by the management. Another dispute arising out of the termination services of a probationer was also referred to the labour court.

Having given our very anxious consideration to the right of minorities guaranteed under Article 30(1) of the Constitution and the necessity for having a general law which regulates the relationship between employers and workmen and after balancing the two interests, we have come to the conclusion that the decision of the High Court is liable to be set aside and the writ petitions filed (by the management) before the High Court (questioning the validity of the 'references) should be dismissed', the Bench said.

**Writ pleas allowed**: The High Court, in allowing the wirt petitions from the management, quashed the 'references' made by the State Government under Section 10(1) (c) of the I. D. Act, holding that Sections 9 (a), 10, 11(a), 12and 33 of the Act would not be applicable to an educational institution established and administered by a minority by virtue of Article 30 (1)

Section 9 (a) of the Act provides that no employer, who proposes to effect any change in the conditions of sarvice applicable to any workman in respect of any matter specified in a schedule in the Act shall effect such change without giving the work men concerned a prescribed notice, etc. While Section 10 deals with making of reference' in a dispute by an appropriate Government. Section 11 (a) empowers a labour court or tribunal to make appropriate orders and directions like reinstatement of a workman or awarding lesser punishment to workman etc, in a given case. Section 12 provides for the appointment of conciliation officers to negotiate between the managements and their workmen and bring about settlements, if possible Section 33 provides that the conditions of service, etc., of the employees should remain unchanged under certain circumstances during, the Pendency of the proceedings.

**H C in error**: "The High Court was in error' in thinking that the power of the

indstrial tribunal or labour court under the I. D. Act was uncanalised unguided and unlimited, the Supreme Court held

Merely because an impartial tribunal was entrusted with the duty of resolving disputes relating to employment, unemployment, security of work and other conditions of workmen, it cannot be said that the right guaranteed under Article 30 (1) of the Constitution is violated.'

The Bench pointed out that various rights of workers relating to just and humane conditions of work 'which are enforced through several pieces of labour legislation have got to be applied to every workman irrespective of the character of the management'. As such, even the management of a Minority eductional institution has got to respect those rights and implement them

The Bench also noted that due obedience to those laws would assist in the smooth working of the eductional institutions and would facilitate proper administration of such educational institutions. If such laws were made inapplicable to minority educational institutions, there is every likelihood of such institutions being subjected to maladministration, the court cautioned.

(THE HINDU dt. 6-11-'87)

---

## അറിയിപ്പുകൾ

### മെമ്പർഷിപ്പ് വേഗം അയയ്ക്കുക

എ. കെ. പി. സി. ടി. എ. 1988-'89 വർഷത്തെ മെമ്പർഷിപ്പ് ഫീസ് (Rs 30/-) എത്രയും വേഗം കോളേജുകളിൽ നിന്നും ശേഖരിച്ച് താഴെപ്പറയുന്ന മേൽവിലാസത്തിൽ അയയ്ക്കുന്ന കാര്യം ബ്രാഞ്ച് സെക്രട്ടറിമാർ ശ്രദ്ധിക്കുക.

പ്രൊഫ: എസ്. വിശ്വനാഥൻ

ട്രഷറർ, എ കെ. പി. സി. ടി. എ.
റ്റി സി. 15/337
ശാന്തിഭവൻ, വെള്ളയമ്പലം
തിരുവനന്തപുരം-10.

### വെൽഫയർ ട്രസ്റ്റ്

ഈ വർഷം പുതുതായി 500-ൽ കുറയാതെ അംഗങ്ങളെ വെൽഫെയർ ട്രസ്റ്റിൽ ചേർക്കേണ്ടതാണ്. ബ്രാഞ്ച് സെക്രട്ടറിമാർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കണം. പൂരിപ്പിച്ച ഫോറവും തുകയും ജനറൽ സെക്രട്ടറിയുടെ പേർക്ക് അയയ്ക്കുക.

### ഡ്രാഫ്റ്റുകൾ അയയ്ക്കുക

മെമ്പർഷിപ്പ് തുക, ട്രഷറർക്കും ജേർണൽ വരിസംഖ്യ മാനേജിംഗ് എഡിറ്റർക്കും ഡ്രാഫ്റ്റ് ആയോ മണി ഓർഡർ ആയോ മാത്രം അയയ്ക്കുക.

### ജേർണൽ വരിസംഖ്യ

1988 ജൂൺ ലക്കത്തോടെ ജേർണലിന്റെ കഴിഞ്ഞ വർഷത്തെ വരിസംഖ്യയുടെ കാലാവധി തീരുകയാണ്. ജൂൺ മാസം ജേർണൽ പ്രചരണ മാസമാണ്. ഈ മാസം തന്നെ വരിസംഖ്യ പുതുക്കുകയും പുതിയ വരിക്കാരെ ചേർക്കുകയും വേണം. അച്ചടിക്കൂലിയിലും മറ്റുമുണ്ടായിട്ടുള്ള വർദ്ധിച്ച ചെലവ് കാരണം ജേർണലിന്റെ വാർഷിക വരിസംഖ്യയിൽ നേരിയ വർദ്ധന വരുത്താൻ വർക്കിംഗ് കമ്മിറ്റി നിർബന്ധിതമായി. ഈ വർഷം മുതൽ വാർഷിക വരിസംഖ്യ 12 രൂപയാണ്. വരിസംഖ്യയും വരിക്കാരുടെ അഡ്രസും മാനേജിംഗ് എഡിറ്ററുടെ പേർക്ക് അയച്ചുകൊടുക്കുക.

Managing Editor
Kerala Private College Teacher
T. C 3/1206,
Kesavadasapuram
Trivandrum-4

### സോമശേഖരൻ നായർക്ക് സ്വീകരണം

കേരള യൂണിവേഴ്സിറ്റി സർവീസിൽ നിന്നും സ്വമേധയാ വിരമിച്ച യൂണിവേഴ്സിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ നേതാവും എഫ് എസ് ഇ ടി ഒ സംസ്ഥാന സെക്രട്ടറിയുമായ ജി സോമശേഖരൻ നായർക്ക് തിരുവനന്തപുരത്തെ വിവിധ ട്രേഡ് യൂണിയൻ സർവീസ് യുവജന വിദ്യാർത്ഥി സംഘടനകളുടെ ആഭിമുഖ്യത്തിൽ സമുചിതമായ സ്വീകരണം നല്കി. വി ജെ ടി. ഹാളിൽ ചേർന്ന സ്വീകരണയോഗത്തിൽ എഫ്. എസ് ഇ ടി. ഒ. പ്രസിഡന്റ് കെ വി. ദേവദാസ് അധ്യക്ഷനായിരുന്നു. വിവിധ ട്രേഡ് യൂണിയൻ, അധ്യാപക സർവീസ് യുവജന വിദ്യാർത്ഥിസംഘടനാ നേതാക്കൾ സോമശേഖരൻ നായർക്ക് ഹാരാർപ്പണം നടത്തി. യോഗത്തിൽ എഫ്. എസ്. ഇ ടി. ഒ ജനറൽ സെക്രട്ടറി കെ. വി. രാജേന്ദ്രൻ സ്വാഗതവും സെക്രട്ടറി ബാബു ശ്രീകുമാർ നന്ദിയും പറഞ്ഞു.

# ഹോസ്പിററൽസ് ആൻഡ് അദർ ഇൻസ്ററിററ്യൂഷൻസ് ബിൽ

പി. കേശവൻ നായർ

ഇൻഡ്യൻ തൊഴിലാളി വർഗ്ഗത്തിനെതിരായി കേന്ദ്ര ഗവൺമെൻറ് നടത്താൻ പോകുന്ന കടുത്ത കടന്നാക്രമണങ്ങളുടെ തുടക്കമാണ് കഴിഞ്ഞ മാസം രാജ്യസഭയിൽ അവതരിപ്പിച്ചു പാസ്സാക്കിയ "ആശുപത്രികളിലും മററു സ്ഥാപനങ്ങളിലും സങ്കട പരിഹാരത്തിനുള്ള ബിൽ" എന്ന പേരിലുള്ള കരിനിയമം. ആശുപത്രികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഗവേഷണ സ്ഥാപനങ്ങൾ എന്നിവയെ 1947 ലെ വ്യവസായ തൊഴിൽ തർക്ക നിയമത്തിൻെറ പരിധിയിൽ നിന്നും ഒഴിവാക്കിക്കൊണ്ടുള്ളതാണ് ഈ ബിൽ. ഇത്തരം സ്ഥാപനങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ഇനിമേൽ പണിമുടക്കുവാനുള്ള അവകാശം നഷ്ടപ്പെടും. നഴ്സുമാർ, അദ്ധ്യാപകർ, ഗവേഷകർ എന്നിവർക്കുള്ള സംഘടനാ സ്വാതന്ത്ര്യത്തിനും ഈ കരിനിയമം വിലക്കുകൾ കൽപ്പിച്ചിട്ടുണ്ട്. കഴിഞ്ഞ നിരവധി ദശാബ്ദക്കാലമായി ഈ വിഭാഗം തൊഴിലാളികൾ സംഘടിച്ചു പോരാടി നേടിയെടുത്ത എല്ലാ നേട്ടങ്ങളും നഷ്ടപ്പെടും.

ആശുപത്രികളിലും മററു സ്ഥാപനങ്ങളിലും പണിയെടുക്കുന്ന തൊഴിലാളികൾക്ക് ഇന്ന് ലഭിച്ചുകൊണ്ടിരിക്കുന്ന വ്യവസായ തൊഴിൽ തർക്ക നിയമത്തിൻെറയും ട്രേഡ് യൂണിയൻ നിയമത്തിൻെറയും എല്ലാ പരിരക്ഷകളും പുതിയ നിയമത്തിൽ എടുത്തുകളഞ്ഞിരിക്കുകയാണ്. വ്യവസായ തൊഴിൽതർക്ക നിയമമനുസരിച്ച് ഒരു സ്ഥാപനത്തിൽ മാനേജ്മെൻറും തൊഴിലാളിയും തമ്മിൽ (വ്യക്തിഗത) തൊഴിൽതർക്കം ഉണ്ടായാൽ അത് ആർബിട്രേഷനോ അഡ്ജൂഡിക്കേഷനോ വിടാൻ കഴിയും. എന്നാൽ പുതിയ നിയമത്തിൽ ഒരു തർക്കമുണ്ടായാൽ അത് മാനേജ്മെൻറ് തന്നെ നിയമിക്കുന്ന ഉദ്യോഗസ്ഥൻെറ മുമ്പാകെ വിട്ട് സങ്കട പരിഹാരം കാണണമെന്നാണ്. ഇതിൻമേലുള്ള അപ്പീലും മാനേജ്മെൻറ് തന്നെ നിയമിക്കുന്ന മറെറാരു ഉയർന്ന ഉദ്യോഗസ്ഥൻെറ മുമ്പാകെയാണ് സമർപ്പിക്കേണ്ടത്. എന്തൊരു വിരോധാഭാസം! മാനേജ്മെൻറ് തന്നെ വിധികർത്താവായി മാറുന്ന വിചിത്രമായ നടപടിക്രമമാണ് ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. പൊതുവായി തൊഴിലാളികളെയാകെ ബാധിക്കുന്ന തർക്കങ്ങൾ തൊഴിലാളികൾക്കും മാനേജ്മെൻറിനും തുല്യ പ്രാതിനിധ്യമുള്ള ഒരു കൗൺസിലിന് വിടണം. കൗൺസിലിന് തീരുമാനമെടുക്കാൻ കഴിയാത്ത തർക്കങ്ങൾ ആർബിട്രേഷന് വിടാം. ഇത്തരത്തിൽ ആർബിടേഷനു വിടുന്ന കേസുകളിൽ സ്ഥാപനങ്ങൾക്ക് സാമ്പത്തികസഹായം നൽകുന്ന സാമ്പത്തിക സ്ഥാപനങ്ങൾക്കും കക്ഷി ചേരാം. ഇത് ആർബിട്രേഷൻ നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണെന്ന് നിയമപണ്ഡിതൻമാർക്ക് അഭിപ്രായമുണ്ട്. തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ മാററുന്നതിന് നോട്ടീസ് പോലും നൽകേണ്ടതില്ല. ഒരു മുന്നറിയിപ്പുമില്ലാതെ നവീകരണത്തിൻെറ പേരിൽ തൊഴിലാളികളെ തന്നിഷ്ടം പോലെ മാനേജ്മെൻറുകൾക്ക് പിരിച്ചുവിടുന്നതിനുള്ള വ്യവസ്ഥകളും പുതിയ ബില്ലിലുണ്ട്.

ആശുപത്രികളെയും വിദ്യാഭ്യാസ സ്ഥാപനങ്ങളേയും ഗവേഷണ സ്ഥാപനങ്ങളേയും വ്യവസായ തൊഴിൽതർക്ക നിയമത്തിൻെറ പരിധിയിൽ നിന്നും എടുത്തുമാററാനുള്ള നിരവധി നിയമഭേദഗതികൾ കഴിഞ്ഞ കാലങ്ങളിൽ കൊണ്ടുവന്നിട്ടുണ്ടെങ്കിലും സംഘടിത ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിൻെറ എതിർപ്പുമൂലം അവയൊന്നും നടപ്പാക്കുകയുണ്ടായില്ല. എന്നാലിപ്പോൾ രാജ്യസഭയിൽ അവതരിപ്പിച്ചു പാസ്സാക്കിയിരിക്കുന്ന ബിൽ ആശുപത്രികളെയും മററ് സ്ഥാപനങ്ങളേയും അന്തിമമായി

വ്യവസായ തൊഴിൽതർക്ക നിയമത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കപ്പെടും. ഇക്കാര്യം തൊഴിൽ വകുപ്പു മന്ത്രി ബിൽ അവതരിപ്പിച്ചു കൊണ്ടു നടത്തിയ പ്രസംഗത്തിൽ വ്യക്തമാക്കുകയുണ്ടായി.

കഴിഞ്ഞ 5 ദശാബ്ദക്കാലമായി വളർന്നു വികസിച്ചുകൊണ്ടിരിക്കുന്ന വ്യവസായങ്ങളാണ് ആശുപത്രികളും മററ് ഇത്തരം സ്ഥാപനങ്ങളും. ജീവ കാരുണ്യത്തിന്റെയും ഭൂതദയയുടേയും മറപററി മതമേധാവികളും കുത്തക മുതലാളിമാരും മററു പ്രമാണിമാരും സ്ഥാപിച്ചിട്ടുള്ള നിരവധി ആശുപത്രികൾ ഇൻഡ്യയിലുണ്ട്. ഇവരുടെയൊക്കെത്തന്നെ മൂലധനം മുടക്കി സ്ഥാപിച്ചിട്ടുള്ള നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങളും ഗവേഷണ സ്ഥാപനങ്ങളും ഉണ്ട്. ലാഭേച്ഛയോടുകൂടി പ്രവർത്തിക്കുന്നതാണ് ഈ സ്ഥാപനങ്ങൾ. മിക്ക സ്വകാര്യ ആശുപത്രികളും ബ്ളേഡ് കമ്പനിക്കാരെ പോലും കടത്തി വെട്ടുന്നതരത്തിലുള്ള കഴുത്തറുപ്പൻ സ്ഥാപനങ്ങളാണ്.

ഇന്ത്യയിൽ ഈ രംഗത്തെ സംഘടിത ട്രേഡ് യൂണിയൻ പ്രസ്ഥാനം നടത്തിയ നിരവധി പോരാട്ടങ്ങളുടെ ഫലമായി തൊഴിലാളികൾക്ക് ചില നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ആശുപത്രികളിലും ഇത്തരം മററ് സ്ഥാപനങ്ങളിലും പ്രവർത്തിക്കുന്ന ട്രേഡ് യൂണിയനുകൾ നടത്തിയ നിരന്തരമായ നിയമയുദ്ധങ്ങളുടെ ഫലമായി ഇവയൊക്കെ വ്യവസായമാണെന്ന് നിർവചിക്കുവാൻ ഹൈക്കോടതികളേയും സുപ്രീം കോടതിയേയും നിർബന്ധിതമാക്കി. ആയിരത്തിത്തൊള്ളായിരത്തി അറുപതുകളിലും എഴുപതുകളിലും ആശുപത്രികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഗവേഷണ സ്ഥാപനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ടിട്ടുള്ള കേസുകളിൽ സുപ്രീംകോടതി, ഇവയെല്ലാം വ്യവസായങ്ങളാണെന്ന് വിധി കൽപ്പിക്കുകയുണ്ടായി. ബോംബെ ഹോസ്പിററൽ മസ്ദൂർ കേസ്, അഹമ്മദാബാദ് ടെക്സ്ററയിൽ ഇൻഡസ്ട്രിയൽ റിസർച്ച് അസോസിയേഷൻകേസ്, ബ്രഹ്മസമാജ് എഡ്യുക്കേഷണൽ സൊസൈററി കേസ്, എന്നിവയിൻ മേലുള്ള വിധിന്യായങ്ങളിൽ വ്യവസായ തൊഴിൽ തർക്ക നിയമത്തിലെ 'വ്യവസായം' എന്നതിന്റെ നിർവചനം കൂടുതൽ വിപുലമാക്കി. ഏററവും ഒടുവിലായി സുപ്രസിദ്ധമായ ബാംഗ്ളൂർ വാട്ടർ സപ്ളൈ ആൻഡ് സീവേജ് ബോർഡ് കേസിൽ സുപ്രീംകോടതി വ്യവസായത്തിന്റെ നിർവചനം വീണ്ടും കൂടുതൽ സമ്പുഷ്ടമാക്കി. 'മാനുഷികാവശ്യങ്ങളേയോ, ആഗ്രഹങ്ങളെയോ തൃപ്തിപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടുകൂടി ചരക്കുകളുടെയോ സേവനങ്ങളുടെയോ ഉൽപ്പാദനമോ വിതരണമോ നടത്താൻവേണ്ടി തൊഴിലുടമകളുടെയും തൊഴിലാളികളുടെയും സഹകരണത്തോടെ നടത്തപ്പെടുന്ന ചിട്ടയോടെയുള്ള പ്രവർത്തനം' എന്നാണ് പുതിയ നിർവചനം. തൊഴിലുടമകളും തൊഴിലാളികളും നടത്തുന്ന ഇത്തരം സംഘടിത പ്രവർത്തനങ്ങളിൽ ലാഭേച്ഛ ഇല്ലെങ്കിലും അത് വ്യവസായമാകുമെന്ന് സുപ്രീം കോടതി അഭിപ്രായപ്പെടുകയുണ്ടായി. ഈ രംഗത്ത് പണിയെടുക്കുന്ന തൊഴിലാളികളും അവരുടെ സംഘടനകളും കഴിഞ്ഞ കാലങ്ങളിൽ നടത്തിയ ത്യാഗോജ്ജ്വലങ്ങളായ സമരങ്ങളുടെയും നിയമയുദ്ധങ്ങളുടെയും നേട്ടങ്ങളെയാകെ തകർക്കുന്നതിനു വേണ്ടിയാണ് ഈ കരിനിയമം രാജ്യസഭയിൽ അവതരിപ്പിച്ചു പാസ്സാക്കിയത്. ആശുപത്രികളിലും മററു സ്ഥാപനങ്ങളിലും പണിയെടുക്കുന്ന തൊഴിലാളികളുടെ കൂട്ടായ വിലപേശലിനുള്ള കരുത്ത് ഈ നിയമംമൂലം നഷ്ടപ്പെടുന്നു. ജീവകാരുണ്യപരമായ പ്രവർത്തനങ്ങളിലേർപ്പെടുന്ന നഴ്സുമാരും ഉന്നതമായി ചിന്തിച്ച് കഴിഞ്ഞു കൂടുന്ന അദ്ധ്യാപകരും ഗവേഷകരും ജോലിസ്ഥിതിയ്ക്കും കൂലികൂടുതലിനും വേണ്ടി സംഘടിച്ചു സമരം ചെയ്യാൻ പാടില്ലെന്നാണ് കേന്ദ്രഗവൺമെന്റിന്റെ കാഴ്ചപ്പാട്.

മുതലാളിമാരെ സഹായിക്കാനും തൊഴിലാളികളെ അടിച്ചമർത്താനുമുള്ള ഒരു കരിനിയമമാണ് ഈ ബില്ല്. ആശുപത്രികളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഗവേഷണ സ്ഥാനപനങ്ങളിലും പണിയെടുക്കുന്ന തൊഴിലാളികളുടെ ജനാധിപത്യ അവകാശങ്ങൾ ആകെ കവർന്നെടുത്ത് അവരെ അടിമകളാക്കുന്ന ഈ കറുത്ത ബില്ലിനെതിരായി പ്രതിഷേധം ഉയരട്ടെ.

○

# ഗവൺമെൻറ് ഓർഡർ

കേരള സർക്കാർ
സംഗ്രഹ

പൊതുഭരണം-1988 ഫെബ്രുവരി 4, 10 എന്നീ തീയതികളിൽ ഒരു വിഭാഗം സർക്കാർ ജീവനക്കാർ നടത്തിയ പണിമുടക്കു സമരകാലം അർഹമായ അവധിയിൽ തട്ടികിഴിയ്ക്കാൻ ഉത്തരവ് പുറപ്പെടുവിച്ചു.

---

പൊതുഭരണ (എസ്. എസ്) വകുപ്പ്
സർക്കാർ ഉത്തരവ് (എം. എസ്) 181/88 തിരുവനന്തപുരം ജി. എ. ഡി. 20-4-88.

---

പരാമർശം:-

11-3-88 ലെ സർക്കാർ ഉത്തരവ് (എം. എസ്) 103/88/ ജി. എ. ഡി.

ഉത്തരവ്

1988 ഫെബ്രുവരി മാസം 4, 10 എന്നീ തീയതികളിൽ സംസ്ഥായത്തെ ഒരു വഭാഗം സർക്കാർ ജീവനക്കാർ പണിമുടക്കുസമരം നടത്തുകയുണ്ടായി സമരത്തിൽ പങ്കെടുക്കുന്നതിനായി അനധികൃതമായി ജോലിക്ക് ഹാജരാവാത്ത ദിവസങ്ങൾ ''ഡയസ്നോൺ'' ആയി പരിഗണിക്കുവാൻ വ്യവസ്ഥ ചെയ്യുന്ന കേരള സർവ്വീസ് ചട്ടങ്ങളിലെ റൂൾ 14 എയും ചില അനുബന്ധ വ്യവസ്ഥകളും മുകളിൽ പരാമർശിച്ചിട്ടുള്ള സർക്കാർ ഉത്തരവിൻപ്രകാരം റദ്ദ് ചെയ്യപ്പെടുകയും പണിമുടക്ക് കാലയളവ് എങ്ങിനെ കൈകാര്യം ചെയ്യണമെന്നത് അതാതു കേസുകളുടെ അടിസ്ഥാനത്തിൽ തീരുമാനിക്കുന്നതാണെന്നും ഉത്തരവാകുകയും ചെയ്തു.

2 പരാമർശവിധേയമായ സമരങ്ങളെ സംബന്ധിച്ച് സർക്കാർ വിശദമായി പരിശോധിച്ചു 4-2-88, 10-2-88 എന്നീ ദിവസങ്ങളിൽ നടന്ന പണിമുടക്കുകളിൽ പങ്കെടുത്ത ജീവനക്കാരുടെ എണ്ണങ്ങളിൽ വലിയ അന്തരമുണ്ടെങ്കിലും രണ്ട് പണിമുടക്കുകളും സംസ്ഥാനാടിസ്ഥാനത്തിൽ ജീവനക്കാരുടെ പൊതുവായ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് വിവിധ അധ്യാപക സർവീസ് സംഘടനകൾ ആഹ്വാനം ചെയ്ത പ്രകാരം നടന്നവയായിരുന്നു ആയതിനാൽ 4-2-88, 10-2-88 എന്നീ ദിവസങ്ങളിൽ നടന്ന സമരങ്ങളിൽ പങ്കെടുത്ത ജീവനക്കാരെ സംബന്ധിച്ച് ആ കാലയളവ് അവർക്ക് അർഹമായ അവധിയിൽ തട്ടിക്കിഴിക്കേണ്ടതാണെന്ന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവു പ്രകാരം)
സി. രാമചന്ദ്രൻ,
ഗവൺമെൻറ് സെക്രട്ടറി.

GOVERNMENT OF KERALA

**Abstract**

Allowance—Dearness Allowance and Ad-hoc Dearness Allowance—Presentation o arrear claims—Extension of time lime—Orders issued.

---

FINANCE (PRU) DEPARTMENT
G. O. (P) No. 349/88/Fin.
Dated, Trivandrum, 28-4-1988.

---

Read :- 1. G. O (P) 177/85/Fin dated 23-3-1985.
2. G. O (P) 341/85/Fin dated 17-6-1985.
3. G. O (P) 159/86/Fin dated 15-2-1986.
4. G. O (P) 299/86/Fin dated 8-4-1986.
5. G. O (P) 444/86/Fin dated 24-6-1986.
6. G. O (P) 937/86/Fin dated 23-12-1986.
7. G. O (P) 604/17/Fin dated 15-7-1987.





**പ്രൊ:എം ബാലകൃഷ്ണൻ നായർ**
**(വി. ടി. എം. എൻ. എസ്. എസ്**
**ധനുവച്ചപുരം)**

പ്രൊഫ. എം. ബാലകൃഷ്ണൻ നായർ (ശ്രീവരാഹം ബാലകൃഷ്ണൻ) സർവീസിൽ നിന്നും വിരമിച്ചു. പ്രഗത്ഭനായ അധ്യാപകൻ, സാഹിത്യകാരൻ, ചലചിത്ര നിരൂപകൻ, കൃതഹസ്തനായ തിരക്കഥാരചയിതാവ് എന്നീ നിലകളിൽ ബഹുമുഖ വ്യക്തിത്വത്തിന്റെ ഉടമയാണ് ശ്രീവരാഹം. അടുത്തകാലത്ത് റിലീസ് ചെയ്ത "സ്വാതിതിരുനാൾ" ഉൾപ്പെടെ ഒട്ടേറെ ചിത്രങ്ങൾക്കുവേണ്ടി കഥ, തിരക്കഥ, സംഭാഷണം എന്നിവ രചിച്ചിട്ടുണ്ട്. 'ഹിന്ദു'വിൽ സ്ഥിരമായി ചലചിത്ര നിരൂപണ പംക്തി കൈകാര്യം ചെയ്യുന്നു ഇതിനപുറമേ പല മലയാളം, ഇംഗ്ലിഷ് ആനകാലികങ്ങളിലും ശ്രീവരാഹത്തിന്റെ ചെറുകഥകൾ, ലേഖനങ്ങൾ, നിരൂപണങ്ങൾ, എന്നിവ പ്രസിദ്ധീകരിച്ചു വരുന്നു. ഒട്ടാകെ ഇരുന്നൂറോളം ചെറുകഥകളും. ഒരു നോവലെററും ശ്രീവരാഹം എഴുതിയിട്ടുണ്ട്. സേവനകാലമത്രയും എ. കെ. പി. സി. ടി. എ യുടെ കരുത്തനായ അംഗമായിരുന്ന ശ്രീവരാഹം സംഘടനാപ്രവർത്തകരെ സംബന്ധിച്ചിടത്തോളം പ്രചോദനത്തിന്റെയും പ്രത്യാശയുടെയും വററാത്ത സ്രോതസാണ്.

**പ്രൊഫ: കെ.ബലറാം**
**(DGM MES കോളേജ്, മമ്പാട്)**

1988 മാർച്ച് 30-ാം തീയതി D.G.M. M ES. മമ്പാട് കോളേജിൽനിന്നും വിരമിച്ച ഹിന്ദി വകുപ്പിലെ പ്രൊഫ. ബലറാമിന്, എ കെ.പി. സി. ടി. എ. ബ്രാഞ്ച് സമുചിതമായ യാത്രഅയപ്പ് നൽകി. 1965 മുതൽ എ. കെ. പി. സി. ടി. എ. യുടെ സജീവ പ്രവർത്തകനായിരുന്നു അദ്ദേഹം. യാത്ര അയപ്പുയോഗം പ്രസിഡൻറ് പ്രൊഫ. എം. പി. സേതുമാധവന്റെ അധ്യക്ഷയിൽ കൂടി. പ്രിൻസിപ്പാൾ പ്രൊഫ. വി. മാമുക്കോയ, വൈസ് പ്രിൻസിപ്പാൾ പ്രൊഫ. വി. കുട്ടൂസ, പ്രൊഫ. വി ടി സലാവുദ്ദീൻ പ്രൊഫ. കെ. കുഞ്ഞിയത്തു, പ്രൊഫ എൻ. യൂസഫ് എന്നിവർ ആശംസാപ്രസംഗങ്ങൾ നടത്തി. തനിക്ക് തന്ന യാത്രഅയപ്പിൽ നന്ദി പ്രകടിപ്പിച്ചുകൊണ്ട് പ്രൊഫ. ബലറാം മറുപടി പറഞ്ഞു. യോഗത്തിൽ കെ. കെ. ഭരതൻ സ്വാഗതവും ടി. കെ. താജുദ്ദീൻ കൃതജ്ഞതയും പറഞ്ഞു.

---

### ORDER

Government are pleased to order that the last date to claim the Dearness Allowance arrears in pursuance of the Government Orders read as first to seventh paper above shall be extended upto 31-12-1988

2 All Heads of Department/Office particularly the Officers concerned with the counter signature of arrear bills should ensure that the pending arrear claims are presented within the above extended period

(By Order of the Governor)
E. C. MATHEW
Additional Secretary.



## പ്രൊഫ: ആർ. പി. മേനോൻ
(എം. ഇ. എസ്. കോളേജ്, പൊന്നാനി)

പ്രൊഫ. ആർ. പി. മേനോൻ 1988 മാർച്ച് 31 ന് സർവീസിൽ നിന്നും വിരമിച്ചു. സർവീസിൽ പ്രവേശിച്ച നാൾ മുതൽ വിരമിക്കുന്നതുവരെ എ. കെ. പി. സി. ടി. എ യുടെ ശക്തനായ പ്രവർത്തകനായിരുന്നു പ്രൊഫ. മേനോൻ. സ്വാർത്ഥ മോഹികളായ ചിലർ സംഘടനയിൽ പ്രതിസന്ധി സൃഷ്ടിക്കാൻ ശ്രമിച്ചപ്പോഴെല്ലാം അസാമാന്യമായ ഉൾക്കരുത്തോടും നിശ്ചയ ദാർഢ്യത്തോടും കൂടി സംഘടനയുടെ നേതൃനിരയിൽ അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. ബ്രാഞ്ച് സെക്രട്ടറി, സംസ്ഥാന കൗൺസിൽ അംഗം, തൃശൂർ ജില്ലാ സെക്രട്ടറി, പ്രവർത്തക സമിതി അംഗം എന്നീ നിലകളിൽ തന്റെ കർമ്മ ശേഷിയും ആത്മാർഥതയും അദ്ദേഹം പ്രകടിപ്പിച്ചിട്ടുണ്ട്.

## പ്രൊഫ: Mrs സാറാമ്മ കോശി, പ്രൊഫ: കെ. എം. പുന്നൂസ്
(കാതോലിക്കേറ്റ് കോളേജ്, പത്തനംതിട്ട)

പത്തനംതിട്ട കാതോലിക്കേറ്റ് കോളേജിൽ മൂന്നു പതിറ്റാണ്ടിലേറെക്കാലം സേവനമനുഷ്ഠിച്ച പ്രൊഫ Mrs. സാറാമ്മകോശിക്കും, പ്രൊഫ. കെ. എം. പുന്നൂസിനും എ. കെ. പി. സി. ടി. എ. ഘടകത്തിന്റെ ആഭിമുഖ്യത്തിൽ ഊഷ്മളമായ യാത്ര അയപ്പുനല്കി. ബ്രാഞ്ച് പ്രസിഡന്റ് പ്രൊഫ. ഏബ്രഹാം ജോർജിന്റെ അധ്യക്ഷതയിൽ 28-3-88 ൽ കൂടിയ യോഗത്തിൽ പത്തനംതിട്ട ജില്ലാ സെക്രട്ടറി പ്രൊഫ. പി. ജി. പത്രോസ്, പ്രിൻസിപ്പൽ ഡോക്ടർ ടി. എ. ജോർജ്, പ്രൊഫ. പി. എം. ഏബ്രഹാം, എന്നിവർ ആശംസാപ്രസംഗങ്ങൾ നടത്തി. പ്രൊഫ. Mrs. സാറാമ്മകോശിയും പ്രൊഫ. പുന്നൂസും സമുചിതമായി മറുപടി പറഞ്ഞു. യോഗത്തിന് പ്രൊഫ. പി. തോമസ് സ്വാഗതവും സെക്രട്ടറി എ. വി. തോമസ് നന്ദിയും പറഞ്ഞു.

## പ്രൊഫ. സരസീഭായി
(എസ്. എൻ. കോളേജ് ചെമ്പഴന്തി)

വിവിധ S.N കോളേജുകളിൽ സേവനമനുഷ്ഠിച്ചിട്ടുള്ള ശ്രീമതി. എൻ. സരസീഭായി (വകുപ്പുമേധാവി, പൊളിറ്റിക്സ് വിഭാഗം) സർവീസിൽ നിന്നും വിരമിച്ചു. പ്രഗത്ഭയായ അധ്യാപികയും എ. കെ പി. സി. ടി. എ യുടെ സജീവ അംഗവുമായിരുന്ന പ്രൊഫ. സരസീഭായിക്ക് കോളേജ് എ. കെ. പി. സി. ടി. എ. ഘടകം സമുചിതമായ യാത്ര അയപ്പു നല്കി.

## പ്രൊഫ. ഡി. തങ്കപ്പൻ നായർ
(ബിഷപ്പ് മൂർ കോളേജ് മാവേലിക്കര)

മാവേലിക്കര ബിഷപ്പ്മൂർ കോളേജ് ഹിന്ദി വിഭാഗം മേധാവി പ്രൊഫ. ഡി. തങ്കപ്പൻ നായർ ഇരുപത്തിമൂന്നു വർഷത്തെ സ്തുത്യർഹമായ സേവനത്തിനുശേഷം വിരമിച്ചു. ബിഷപ്മൂർ കോളേജിലെ എ. കെ. പി. സി. ടി. എ. ഘടകത്തിന്റെ സ്ഥാപകാംഗങ്ങളിൽ ഒരാളായിരുന്ന ശ്രീ നായർ റിട്ടയർ ചെയ്യുന്നതുവരെ സംഘടനയുടെ കാര്യങ്ങളിൽ സജീവ താത്പര്യം പ്രകടിപ്പിച്ചിരുന്നു. പ്രഗത്ഭനായ അധ്യാപകൻ, എഴുത്തുകാരൻ എന്നീ നിലകളിൽ ശ്രീ. നായർ ശ്രദ്ധേയനാണ്. മലയാളത്തിലെ പല പ്രശസ്തസാഹിത്യ കൃതികളും അദ്ദേഹം ഹിന്ദിയിലേക്കു വിവർത്തനം ചെയ്തിട്ടുണ്ട്. ഇതിനു പുറമേ വിശോത്തരങ്ങളായ പല ക്ലാസിക് കൃതികളും അദ്ദേഹം പുനരാഖ്യാനം ചെയ്തിട്ടുണ്ട്. ശ്രീ. നായർ 1984 മുതൽ കേരള സർവകലാശാലാ ബോർഡ് ഓഫ് സ്റ്റഡീസ് (ഹിന്ദി) മെമ്പറാണ്.

## പ്രൊഫ. വെങ്കിട്ടരാമൻ
(എം. ജി. കോളേജ്, തിരുവനന്തപുരം)

എൻ.എസ്.എസ്. ൻെറ വിവിധ കോളേജുകളിൽ മുപ്പതുവർഷത്തിലേറെ സേവനമനുഷ്ഠിച്ച ശേഷം പ്രൊഫ. വെങ്കിട്ടരാമൻ 1988 മാർച്ച് 31 ന് വിരമിച്ചു. എ. കെ. പി. സി. ടി. എ. യുടെ സജീവ അംഗമായ പ്രൊഫ. വെങ്കിട്ടരാമൻ മാനേജ്മെൻറിൻെറ വൈര നിര്യാതന ബുദ്ധിയോടെയുള്ള സ്ഥലം മാററങ്ങൾക്ക് ഏററവുമധികം വിധേയനായിട്ടുള്ള ഒരു അധ്യാപകനാണ്. ഫിസിക്സ് അധ്യാപകനെന്ന നിലയിൽ അദ്ദേഹം പ്രകടിപ്പിച്ചിട്ടുള്ള പ്രാഗത്ഭ്യവും പാണ്ഡിത്യവും സുവിദിതമാണ്.

## കോഴിക്കോട് യൂണി: സെനററിലേക്ക് തിരഞ്ഞെടുക്കപ്പെട്ട എ കെ. പി. സി. ടി. എ. പ്രതിനിധി.



**പ്രൊഫ. അബ്ദുൾ മജീദ്**
സർസെയ്ത് കോളേജ്, തളിപ്പറമ്പ്.

---

## ഡോക്ടറേററ് ലഭിച്ചു.





കോഴിക്കോട് സർവ്വകലാശാലയിൽ നിന്ന് ഇംഗ്ലീഷ് സാഹിത്യത്തിൽ ഡോക്ടറേററ് ബിരുദം നേടിയ കൊച്ചിൻ കോളേജ് ലക്ചറർ വി. നിത്യാനന്ദഭട്ട്

''കേരളത്തിലെ സഹകരണ ബാങ്കിങ്ങ് സമ്പ്രദായ''ത്തെക്കുറിച്ച് പ്രൊഫ: പി. എൻ. രാജേന്ദ്രപ്രസാദിൻെറ മേൽനോട്ടത്തിൽ നടത്തിയ ഗവേഷണത്തിന് കൊച്ചിൻ ശാസ്ത്രസാങ്കേതിക സർവ്വകലാശാലയിൽനിന്ന് ഡോക്ടറേററ് ബിരുദം ലഭിച്ച കൊച്ചിൻ കോളേജ് കോമേഴ്സ് ലക്ചറർ കെ. കൃഷ്ണൻ നമ്പൂതിരി

# മഹാത്മാഗാന്ധി യൂണിവേഴ്സിററി സെനററ് തെരഞ്ഞെടുപ്പിൽ (1-8-'88) മത്സരിക്കുന്ന നമ്മുടെ സ്ഥാനാർത്ഥികൾ

1. പ്രൊഫ: എം. എ. ജോൺ
സെൻറ് ആൽബർട്സ് കോളേജ്,
എറണാകുളം.

2. പ്രൊഫ: നാണപ്പൻ പിള്ള
എസ്. എൻ. എം. കോളേജ്,
മാല്യങ്കര.

3. പ്രൊഫ: വി. ഐ. ജോർജ്
ഭാരതമാതാ കോളേജ്,
തൃക്കാക്കര.

4. പ്രൊഫ: വാസുദേവൻ നായർ
ശ്രീ ശങ്കരാ കോളേജ്,
കാലടി.

5. പ്രൊഫ: ററി. എം. തോമസ്
നിർമ്മലാ കോളേജ്,
മൂവാററുപുഴ.

6 പ്രൊഫ: തോമസ് പി. വർഗീസ്
കൊച്ചിൻ കോളേജ്,
കൊച്ചിൻ.

7. പ്രൊഫ: ററി. ജോർജ് സെബാസ്ററ്യൻ
കെ. ഇ. കോളേജ്,
മാന്നാനം

8. പ്രൊഫ: എം. സി. ചാക്കോ,
സി. എം. എസ്. കോളേജ്,
കോട്ടയം.

9. പ്രൊഫ: കെ. എൽ. ജോസ്
സെൻറ് സ്ററീഫൻസ് കോളേജ്,
ഉഴവൂർ.

10. പ്രൊഫ: കെ. കെ. ഗോപാലകൃഷ്ണപിള്ള
എൻ. എസ്. എസ് ഹിന്ദു കോളേജ്,
പെരുന്ന.

11. പ്രൊഫ: പി. ജി. ചന്ദ്രശേഖരൻ നായർ
ഡി. ബി. പമ്പ കോളേജ്,
പരുമല, മാന്നാർ.

12. പ്രൊഫ: ജോൺ ഫിലിപ്പ്,
സെൻറ്തോമസ് കോളേജ്,
കോഴഞ്ചേരി.

13. പ്രൊഫ: കെംതോസ് പോരം
എം. എ. കോളേജ് ഓഫ് എൻജിനിയറിംഗ്,
കോതമംഗലം

---

## N G O യൂണിയൻ രജതജൂബിലി

സംസ്ഥാന ജീവനക്കാരുടെ ഏററവും വലിയ സംഘടനയായ കേരളാ എൻ ജി. ഒ യൂണിയന്റെ രജതജൂബിലി സമ്മേളനം 1988 മെയ് 9, 10, 11, 12, തീയതികളിൽ തലസ്ഥാന നഗരിയിൽ നടന്നു. പ്രതിനിധി സമ്മേളനം, മുൻകാല നേതാക്കളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള സ്വീകരണ സമ്മേളനം, സാംസ്കാരിക സമ്മേളനം, സുഹൃദ് സമ്മേളനം, സിമ്പോസിയം കലാപരിപാടികൾ എന്നിവ ആഘോഷ പരിപാടികൾക്ക് മാററുകൂട്ടി. 12-ാം തീയതി സമാപന സമ്മേളനത്തോടനുബന്ധിച്ചു നടന്ന മഹാപ്രകടനം തിരുവനന്തപുരം നഗര വീഥികൾക്ക് ചൈതന്യവും ചടുലതയും പകർന്നു. എ.കെ.പി.സി.ടി.എ. പ്രവർത്തകർ ഗവ: ആയുർവേദ കോളേജിനു സമീപം കേന്ദ്രീകരിച്ച് പ്രകടനത്തിന് അഭിവാദനങ്ങളർപ്പിച്ചു.

1963 ൽ ആരംഭിച്ച, ഇന്ന് എൺപത്തി മൂവായിരത്തിലധികം അംഗ സംഖ്യയുള്ള, N G O യൂണിയന്റെ പുതിയ ഭാരവാഹികളായി സഖാക്കൾ കെ. വി. രാജേന്ദ്രൻ (പ്രസിഡൻറ്) ടി. കെ. ബാലൻ (ജനറൽ സെക്രട്ടറി), ഡി. രത്നാകരൻ (ട്രഷറർ) എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു.

# Kerala Private College Teacher

monthly journal of the all kerala private college teachers' association

R. No. M-36025/81    Registered No. KL/TV (N) No. 79





തൃശൂരിൽ 30-ാം സംസ്ഥാന സമ്മേളനം നടന്ന എം. പി. പോൾ നഗറി (ടൗൺഹാൾ) ന്റെ ഗേററ്


printed and published by v. narayanankutty at chempaka printers trivandrum-4 phone: 82127 chief editor k. sukumaran nair.